# TRICHUR ARCHDIOCESAN BULLETIN

ഏപ്രിൽ 2026 | വാല്യം: 93 | ലക്കം: 04




പുനരുത്ഥാനം (മത്താ 28, 6)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

28 ാം ചരമവാർഷികം



# മാർ ജോസഫ് കുണ്ടുകുളം

തൃശ്ശൂർ അതിരൂപത പ്രഥമ മെത്രാപ്പോലീത്ത

ജനനം : 16.09.1917 മരണം: 26.04.1998

Trichur Archdiocesan Bulletin
# TAB
ESTD:1934

## ഏപ്രിൽ 2026

ലക്കം: 04 | വാല്യം: 93

04

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesign.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

ഇടയലേഖനം 04
സർക്കുലർ 09
കച്ചേരിക്കാര്യം 07
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 11
സഹായമെത്രാന്റെ പരിപാടികൾ 13
നാളാഗമം 14
നാമകരണ നടപടികൾ 20
വൈദികർ 24
സന്യസ്തർ 27
വിശ്വാസ പരിശീലനം 33
സ്ഥാപനങ്ങൾ 43
സംഘടനകൾ 59



# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

715/2026 C - 02
06/02/2026

## അർണോസ് പാതിരി

ബഹുമാനപ്പെട്ട അച്ചന്മാരേ, ബ്രദേഴ്സ്, സിസ്റ്റേഴ്സ്, പ്രിയ സഹോദരി സഹോദരന്മാരേ,

മലയാളഭാഷയ്ക്കും സാഹിത്യത്തിനും മിഷനറി പ്രവർത്തനത്തിനും മഹത്തായ സംഭാവന നൽകിയിട്ടുള്ള അതുല്യപ്രതിഭയാണ് മഹാകവി അർണോസ് പാതിരി എന്ന ഫാദർ ജോൺ ഏണസ്റ്റ് ഹാങ് സ്ളേഡൻ. കേരളത്തിന്റെ മണ്ണിൽ ജനിച്ചുവളർന്ന് മലയാളം മാതൃഭാഷയായി കൈകാര്യം ചെയ്യുന്നവരിൽ നിന്നും ഏറെ അന്തരം അവകാശപ്പെടാൻ കഴിയുന്ന മഹാപണ്ഡിതനാണ് അദ്ദേഹം. എന്നാൽ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രം ചമച്ചവർ ഓരോ കാലഘട്ടത്തിലും ഈ മഹാപ്രതിഭയെ ബോധപൂർവ്വം തമസ്കരിക്കാൻ ശ്രമിച്ചുവെന്നതും ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്.

മൂന്നു നൂറ്റാുകൾക്ക് മുൻപ്, ക്രിസ്തുവർഷം 1700 ലാണ് അർണോസ് പാതിരി ഇന്ത്യയിൽ എത്തിച്ചേർന്നത്. തൊട്ടടുത്ത വർഷം തന്നെ അദ്ദേഹം കേരളത്തിലെത്തി. 2026-ൽ അദ്ദേഹത്തിന്റെ കേരളപ്രവേശനത്തിന്റെ 325-ാം വാർഷികം നാം ആഘോഷിക്കുകയാണ്.

ഭാരതത്തിന്റെ പൗരാണിക ഈടുവെയ്പ്പുകളായ വേദോപനിഷത്തുകളും സംസ്കൃത ഭാഷയും യൂറോപ്പിന് പരിചയപ്പെടുത്തിയ അദ്ദേഹം, പ്രഥമ ഇൻഡോളജിസ്റ്റുമാണ്. ഒട്ടനവധി കാവ്യകൃതികളുടെ കർത്താവും വ്യാകരണ ഗ്രന്ഥത്തിന്റെയും നിഘണ്ടുവിന്റെയും നിർമാതാവുമാണ് അദ്ദേഹം. ബൈബിൾ

മലയാളത്തിൽ അച്ചടിച്ച് ലഭിക്കുന്നതിന് നൂറ്റാണ്ടുകൾ മുൻപ് ക്രിസ്തുവിന്റെ രക്ഷാകരചരിത്രം കേരളജനതയ്ക്ക് എഴുതി നൽകിയ പുത്തൻപാന എന്ന കൃതി മാത്രം മതി, അദ്ദേഹത്തെ കേരള ജനത ഹൃദയത്തോട് ചേർത്തുവയ്ക്കാൻ.

തൃശൂർ അതിരൂപതയ്ക്ക് അർണോസ് പാതിരിയുമായി അഭേദ്യമായ ബന്ധമാണുള്ളത്. ദീർഘകാലം അദ്ദേഹം താമസിച്ച വസതിയും അദ്ദേഹം പണികഴിപ്പിച്ച ദൈവാലയവും സ്ഥിതി ചെയ്യുന്നത് തൃശൂർ അതിരൂപതയിലെ വേലൂർ എന്ന സ്ഥലത്താണെന്നത് അഭിമാനകരമായ വസ്തുതയാണ്. അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കല്ലറയുള്ളതും തൃശൂർ അതിരൂപതയിലെ പഴുവിൽ ഇടവകയിലാണ്.

അർണോസ് പാതിരി തിരുസഭയ്ക്കും ഭാഷയ്ക്കും സാഹിത്യത്തിനും ചെയ്ത സേവനങ്ങളെ ആദരിക്കുന്നതിന്റെ ഭാഗമായി തൃശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷം മുതൽ ഡിസംബറിലെ ആദ്യഞായറാഴ്ച അർണോസ് പാതിരി ദിനമായി ആചരിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. അർണോസ് സെമിനാർ, സാഹിത്യ സമ്മേളനം, എഴുത്തുകാരെയും കലാകാരന്മാരെയും സാംസ്കാരിക പ്രവർത്തകരെയും ആദരിക്കൽ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ഡിസംബർ ആദ്യഞായാറാഴ്ചയോ, സൗകര്യപ്രദമായ മറ്റൊരു ദിവസമോ ഇടവകകളിലും സ്ഥാപനങ്ങളിലും അർണോസ് ദിനമായി ആചരിക്കാൻ എല്ലാ ബഹു. വികാരിയച്ചന്മാരും സ്ഥാപനാധികാരികളും നേതൃത്വം കൊടുക്കണമെന്ന് ഈയവസരത്തിൽ ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

അർണോസ് പാതിരിയുടെ കേരളപ്രവേശനത്തിന്റെ 325-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഓരോ ഇടവകയിലെയും ക്രൈസ്തവരായ എഴുത്തുകാരുടെയും കലാകാരന്മാരുടെയും ഡാറ്റ ശേഖരിക്കാൻ ആഗ്രഹിക്കുന്നു. ഈ മേഖലയിലുള്ളവരുടെ ഏകോപനത്തിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കും ഉപകാരപ്രദമാകുമെന്നതിനാൽ മേല്പറഞ്ഞവരുടെ പേരു വിവരങ്ങൾ ഫോൺ നമ്പർ സഹിതം അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിൽ ഏല്പിക്കാൻ കൂടി ബഹു. വികാരിയച്ചന്മാരും സന്യസ്തരും താല്പര്യമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വേലൂരിൽ ബഹു. ഈശോസഭ വൈദികരുടെ നേതൃത്വത്തിലുള്ള അർണോസ് അക്കാദമിയുടെയും ഇടവകയുടെ നേതൃത്വത്തിലുള്ള അർണോസ് കലാകേന്ദ്രയുടെയും പ്രവർത്തനങ്ങൾ പ്രതിഭാധനനായ അർണോസ് പാതിരിയുടെ സംഭാവനകളും പ്രാധാന്യവും

സമൂഹമദ്ധ്യത്തിലെത്തിക്കുന്നതിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അവരെ അഭിനന്ദിക്കുന്നതോടൊപ്പം അവരുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കാനും നാം തയ്യാറാകണം.

സാഹിത്യ കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരോടുമുള്ള നമ്മുടെ അതിരൂപതയുടെ സ്നേഹാദരങ്ങൾ ഈ സമയം അറിയിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2026 മാർച്ച് 8 ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**ഏപ്രിൽ 2026**

ഏപ്രിൽ 1 : ഇന്നു മുതൽ വലിയ ശനി
വരെ ത്രികാലജപം, 'മിശിഹാ നമ്മെപ്രതി...'
2 : പെസഹാവ്യാഴം
3 : പീഡാനുഭവവെള്ളി
ആദ്യവെള്ളി
ഇന്ന് ഉപവാസദിനം
4 : വലിയ ശനി
5 : നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ
ഉയിർപ്പ് ഒന്നാം ഞായർ
10 : വേദസാക്ഷികളുടെ തിരുനാൾ
12 : ഉയിർപ്പ് രണ്ടാം ഞായർ
19 : ഉയിർപ്പ് മൂന്നാം ഞായർ
24 : വി. ഗീവർഗ്ഗീസ്
25 : വി. മർക്കോസ് സുവിശേഷകൻ
26 : ഉയിർപ്പ് നാലാം ഞായർ
(ലോകദൈവവിളി പ്രാർത്ഥനാദിനം)
29 : സിയന്നായിലെ വി. കത്രീന

2. ഏപ്രിൽ മാസത്തെ പരിപാടികൾ

ഏപ്രിൽ 06–11 : ദൈവവിളിവാരം & ദൈവവിളി ക്യാമ്പുകൾ
ഫിനാൻസ് കൗൺസിൽ (07:00 pm)
16 : ആലോചനസമിതിയോഗം (10:30 am)
സ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)
23 : ഇന്റർ കൂരിയ മീറ്റിംഗ്
27 : കൊച്ചച്ചന്മാരുടെ യോഗം (10:00 am)

**3. ഉയിർപ്പുകാലം**

ഉയിർപ്പ് തിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ അഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥന കളിലും ഗീതങ്ങളിലും ഉള്ളത്.

ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായ കർത്താവിന്റെ ഉയിർപ്പാണ് സഭയിൽ ആദ്യമായി ആഘോഷിച്ചു തുടങ്ങിയ തിരുനാൾ. ഉത്ഥാനം മുതൽ പന്തക്കുസ്താ വരെയുള്ള സംഭവങ്ങൾ ഏഴ് ആഴ്ചകളിലായി ഈ കാലത്തിൽ സഭ അനുസ്മരിക്കുന്നു.

ഉയിർപ്പ് കഴിഞ്ഞ് 40-ാം ദിവസം 'കർത്താവിന്റെ സ്വർഗാരോഹണതിരുനാൾ' ആഘോഷിക്കുന്നു. അതുകൊണ്ടുതന്നെ, സ്വർഗരാജ്യ പ്രവേശനവുമായി അഭേദ്യം ബന്ധപ്പെട്ടു നില്ക്കുന്ന നിത്യജീവനും ഉയിർപ്പും ഈ കാലത്തിലെ വിചിന്തന വിഷയങ്ങളാണ്. നിത്യജീവൻ പ്രാപിക്കാൻ ഏകരക്ഷകനായ മിശിഹായുടെ അടുക്കലേക്കാണ് പോകേണ്ടത് എന്ന സത്യവും ഈ കാലത്തിൽ പ്രഘോഷിക്കപ്പെടുന്നു. സ്വർഗ്ഗവും ഭൂമിയും സന്ധിക്കുന്ന കർത്താവിൽ ആലയത്തിൽ പ്രത്യാശയോടെ പന്തക്കുസ്താനുഭവത്തിനായി കാത്തിരിക്കാനാണ് സഭാമാതാവ് നമ്മോടും ആവശ്യപ്പെടുന്നത്.

**4. അഭിനന്ദനങ്ങൾ:**

കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്നും Canon Law യിൽ ലൈസൻഷ്യേറ്റ് നേടിയ ഫാ. കനേഡിയൻ തണ്ടാശ്ശേരിക്ക് അഭിനന്ദനങ്ങൾ.

**5. പാലയൂർ മഹാതീർത്ഥാടനം:**

2026 മാർച്ച് 22-ന് നടന്ന പാലയൂർ മഹാതീർത്ഥാടനം വിജയിപ്പിക്കാൻ സഹകരിച്ച ഏവർക്കും പ്രത്യേകം നന്ദി.

**6. വൈദികരുടെ വാർഷികധ്യാനം :**

വൈദികരുടെ വാർഷികധ്യാനത്തിന്റെ ആദ്യബാച്ച് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. സെഹിയോനിൽ വാർഷികധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2026 ഏപ്രിൽ 30നകം അതിരൂപത കാര്യാലയത്തിൽ അറിയിക്കുമല്ലോ.

ജൂലൈ 5-10 : ഒന്നാം ബാച്ച് (അട്ടപ്പാടി സെഹിയോൻ ധ്യാന കേന്ദ്രം)

സെപ്തംബർ 13-18 : രണ്ടാം ബാച്ച് (ജറുസലെം ധ്യാനകേന്ദ്രം)

സെപ്തംബർ 27-ഒക്ടോബർ 2 : മൂന്നാം ബാച്ച് (മേരിമാത സെമിനാരി)

**7. പെസഹാവ്യാഴം പ്രത്യേകപിരിവ് :**

പെസഹാവ്യാഴാഴ്ച എല്ലാ കുടുംബങ്ങളിൽ നിന്നുമായി എടുക്കുന്ന പ്രത്യേക പിരിവ് വൈദികവിദ്യാർത്ഥികളുടെ പരിശീലന ചെലവിലേക്കായി മേരിമാത മേജർ സെമിനാരിയിലേക്ക് നൽകാനുള്ളതാണ്. ഇക്കാര്യം ജനങ്ങളെ ഓർമ്മപ്പെടുത്തണം. പ്രസ്തുത പിരിവ് 30-04-2026-നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**8. പെസഹാഊട്ട് :**

അതിരൂപതയിലെ വൈദികസമ്മേളനത്തിൽ മുമ്പ് അറിയിച്ചിരുന്നതുപോലെ പെസഹാവ്യാഴാഴ്ച നടത്തുന്ന പെസഹാ ഊട്ട് എല്ലാവർക്കും വേണ്ടിയുള്ള ഒരു പൊതു ഊട്ടുസദ്യയല്ല. പെസഹാ ഊട്ട് നിലനില്ക്കുന്ന പള്ളികളിൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി മാത്രം നടത്തുന്ന നേർച്ച ഊട്ടാണ് പെസഹാ ഊട്ട്. പെസഹാ വ്യാഴാഴ്ച പള്ളികളിൽ ആരാധന നടക്കുന്നതിനാൽ പെസഹാ ഊട്ട് പൊതുഊട്ടുസദ്യയായി നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**9. അതിരൂപത കാര്യാലയത്തിന് അവധി :**

2026 മാർച്ച് 30 തിങ്കളാഴ്ച്ച മുതൽ ഏപ്രിൽ 12 പുതുഞായർ വരെ അതിരൂപത കാര്യാലയത്തിന് അവധിയായിരിക്കും. ആ ദിവസങ്ങളിൽ അടിയന്തിര പ്രാധാന്യമുള്ള അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**10. ദൈവവിളി വാരാചരണം:**

2026 ഏപ്രിൽ 6 മുതൽ 11 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന-ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**11. ദൈവവിളി ക്യാമ്പുകൾ:**

എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ദൈവവിളിയുടെ ലക്ഷണങ്ങൾ

പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വെച്ച് 3 ബാച്ചുകളിലായി നടത്തപ്പെടുന്നു.

ഒന്നാം ബാച്ച്: 2026 ഏപ്രിൽ 6,7 ;

രണ്ടാം ബാച്ച്: ഏപ്രിൽ 8, 9;

മൂന്നാം ബാച്ച്: ഏപ്രിൽ 10,11.

പെൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 11 ന് രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 4 വരെ ലൂർദ്ദ് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു

**12 വിരമിക്കുന്ന ദൈവാലയ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി**

2025 ഏപ്രിൽ പ്രസിദ്ധീകരിച്ച നവീകരിച്ച 'ധർമ്മവിവരം' ദൈവാലയ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി സംബന്ധിച്ച് പരാമർശിക്കുന്ന 3.6, 3.11 എന്നീ നമ്പറുകളിൽ ഗ്രാറ്റുവിറ്റി കണക്കാക്കുന്നതിനായി 'അവസാനം മാസം വാങ്ങിയ വേതനം' എന്നതിനുപകരം 'അവസാന മാസത്തെ അടിസ്ഥാന വേതനം' എന്ന് തെറ്റായി പ്രസിദ്ധീകരിച്ചതായി മനസ്സിലാക്കുന്നു. ഈ തെറ്റ് തിരുത്തി, ഗ്രാറ്റുവിറ്റി കണക്കാക്കുന്നതിന് 'അവസാന മാസത്തെ വേതനം' ആണ് മാനദണ്ഡമാക്കേണ്ടതെന്ന് ഇതിനാൽ അറിയിക്കുന്നു. പുതിയ 'ധർമ്മവിവരം' പ്രാബല്യത്തിൽ വന്ന 2025 ഏപ്രിൽ 1-നുശേഷം വിരമിച്ച ഏതെങ്കിലും പള്ളി ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കണക്കാക്കുന്നതിൽ ഇതനുസരിച്ച് പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ, തിരുത്തിയ നിർദ്ദേശമനുസരിച്ച്, നേരത്തെ ഗ്രാറ്റുവിറ്റി കണക്കാക്കി നൽകിയതിൽ ബാക്കിയുള്ള സംഖ്യകൂടി എത്രയും വേഗം വിരമിച്ച ജീവനക്കാർക്ക് നൽകേണ്ടതാണ്

**13. വൈദികനിയമനം:**

1. ഫാ. ജോമോൻ മുരിങ്ങാത്തേരി - കപ്ലോൻ സി. എസ്. എസ്. ആറ്റത്ര കൂടി; സാധുത 2026 ജനുവരി 29 മുതൽ.

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

# ENGAGEMENTS

**APRIL 2026**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Wed | Morning | Holy Mass @ Marymatha Major Seminary |
| 2 | Thu | Morning | Maundy Thursday Holy Mass @ Lourdes Cathedral |
| 3 | | Morning | Good Friday @ Dolours Basilica |
| | | Evening | Way of the Cross @ Dolours Basilica |
| 4 | Sat | Evening | Easter Holy Mass @ Lourdes Cathedral |
| 7 | Mon | Morning | Holy Mass @ Minor Seminary |
| 9 | Thu | Morning | Holy Mass @ Minor Seminary |
| 11 | Sat | Morning | Holy Mass @ Minor Seminary |
| | | Morning | Blessing of new church @ Kuttamkulam |
| | | Evening | Home Day celebration @ Nirmala Sadan, Edakalathur |
| 12 | Sun | Morning | Holy Mass and School Blessing @ Kodannur Parish |
| 14 | Tue | Morning | Holy Mass @ Minor Seminary |
| | | Morning | Golden Jubilee Celebration @ Trinity Convent, Kolazhy |
| 15 | Wed | Morning | Holy Mass @ Mukkattukara |
| | | Evening | JMMC Trust Meeting |
| 16 | Thu | Morning | Holy Mass @ Minor Seminary |
| 17 | Fri | Evening | C T C Training Programme |
| 18 | Sat | Morning | Holy Mass @ Minor Seminary |
| 19 | Sun | Morning | Holy Mass @ Fiat Mission Exhibition, Jerusalem Retreat Centre |

| | | | |
|---|---|---|---|
| 21 | Tue | Morning | First Profession of CMC Sisters<br>@West Fort |
| 22 | Wed | Morning | First Profession<br>@ Mariya Bhavan , Kolazhy |
| 23 | Thu | | Inter Eparchial Curia Meeting @ Tcr |
| 24 | Fri | Morning | Holy Mass @ Minor Seminary<br>& Selection Camp |
| 25 | Sat | Morning | Silver Jubilee Mass @ Eyyal |
| | | Evening | Holy Mass @ Pavaratty |
| 26 | Sun | Morning | Holy Mass @ Family Apostolate<br>(LOAF- Final Profession) |
| | | Evening | Grace Home Home Day Celebration<br>@ Athani |
| 27 | Mon | Morning | Meeting of Assistant Vicars<br>@ DBCLC |

അവിടുത്തെ
ആലയത്തെക്കുറിച്ചുള്ള
തീക്ഷ്ണത എന്നെ
വിഴുങ്ങിക്കളയും
എന്നെഴുതപ്പെട്ടിരിക്കുന്നത്
അപ്പോൾ അവന്റെ
ശിഷ്യൻമാർ
അനുസ്മരിച്ചു.
(യോഹ. 2:17)

# ENGAGEMENTS

## MARCH 2026

**Mar Tony Neelankavil**

| Date | Day | Time | Programme |
|---|---|---|---|
| 01 | Wed | Evening | Retreat conclusion Holy Mass & Message @ Mundur |
| 02 | Thu | Morning | Maundy Thursday Holy Mass @ Basilica |
| 03 | Fri | Morning | Good Friday @ Lourdes Cathedral |
| 05 | Sun | Morning | Easter Holy Mass @ Basilica |
| 07 | Tue | Evening | Prathibha Parisheelanam @ DBCLC |
| 09 | Thu | Morning | Holy Mass @ Vocation Camp, Minor Seminary |
| 12 | Sun | Morning | First Holy Communion @ Kuttamkulam |
| | | Evening | Fiat Mission GGM Stall Blessing @ Jerusalem RC |
| 13 | Mon | Morning | Syriac Course Inauguration @ Mount St Thomas |
| 14 | Tue | Evening | Fourth Child Baptism @ Lourdes Cathedral |
| 15 | Wed | Morning | Fourth Child Baptism @ Mundathikode |
| | | Afternoon | STC Trust meeting |
| | | Evening | JMMC Trust Meeting |
| 16 | Thu | Morning | Consulters' Meeting |
| | | Afternoon | Institutional Directors' Meeting |
| 17 | Fri | Morning | Holy Mass @ Pre Cana Course |
| 18 | Sat | Evening | Kooduthurakkal @ Pazhuvil |
| 22 | Wed | Morning | Holy Mass @ Selection Camp, Minor Seminary |
| 23 | Thu | | Inter Eparchial Curia Meeting @ ABH |
| 24 | Fri | Evening | Kodiyettam @ Thekkanthanissery |
| 25 | Sat | Morning | First Holy Communion @ Basilica |
| 27 | Mon | Morning | Meeting of Asst. Vicars' @ DBCLC |
| 28 – 30 | | Tue - Thu | Seminary Rectors' Meet @ Mount St Thomas |



# നാളാഗമം

## ജനുവരി 2026

01 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വലപ്പാട് പള്ളിയുടെ 525-ാം വർഷ ജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഡിബിസിഎൽസിയിൽ വച്ച് നടന്ന പ്രിൻസിപ്പിൾസ് കോൺഫറൻസിൽ പങ്കെടുത്തു.

02 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ബ്രഹ്മകുളം ഇടവക ദേവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമോദീസ നൽകി. തുടർന്ന് അതിരൂപത കേന്ദ്രത്തിൽ വച്ച് സെന്റ് തോമസ് കോളേജിലേക്കുള്ള നോൺ ടീച്ചിങ് സ്റ്റാഫ് ഇന്റർവ്യൂവിൽ പങ്കെടുത്തു.

2-11 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ചു നടത്തിയ മുപ്പത്തിയേഴാമത് സി ബി സി ഐ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

03-10 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ബാംഗ്ലൂരിൽ വച്ച് നടന്ന സി. ബി. സി. ഐ പ്ലീനറി സമ്മേളനത്തിൽ പങ്കെടുത്തു.

11 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മാരാമൺ കൺവെൻഷനിൽ

സാമൂഹിക തിന്മകൾക്കെതിരെയുള്ള ഒരു പ്രഭാഷണം നൽകി.

12 അഭിവന്ദ്യപിതാക്കന്മാർ രാവിലെ പുതിയ നിയമനങ്ങൾ ഏറ്റെടുത്ത വൈദീകരുടെ യോഗത്തിൽ പങ്കെടുക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. വൈകീട്ട് അതിരൂപത ആസ്ഥാനത്തു വച്ച് നടന്ന അതിരൂപത കൂരിയയിൽ വിവിധ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുത്തു.

13 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം ചാവക്കാട് പുതുതായി നിർമാണം പൂർത്തിയാക്കിയ എം സി ബി എസ് ആശ്രമം ആശീർവദിക്കുകയും വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അത്താണി പോപ്പ് പോൾ പീസ് ഹോമിൽ റൂബി ജൂബിലി ഉദ്ഘാടനം ചെയ്തു പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് മേരിമാതാ മേജർ സെമിനാരിയിൽ വെച്ച് നടന്ന തിയോളജിക്കൽ സിമ്പോസിയത്തിൽ സമാപന സന്ദേശം നൽകി.

14 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട എം. ഇ. പി. സി. സിമ്പോസിയത്തിന്റെ രണ്ടാം ദിവസത്തിലെ ആമുഖ പ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം അത്താണി പോപ്പ് പോൾ മേഴ്സി ഹോമിന്റെ വാർഷികദിന ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും കുഞ്ഞുങ്ങളെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അരിമ്പൂർ ഇടവക ദേവാലയത്തിൽ വച്ച് നടന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കൊള്ളന്നൂർ അച്ചന്റെ ഓർമ്മ ദിനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചതിരിഞ്ഞ് ചെമ്പുക്കാവ് ഹോളി ഫാമിലി ഇംഗ്ലീഷ് മീഡിയം എൽപി സ്കൂളിലെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകീട്ട് പട്ടിക്കാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

15 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പീച്ചി ലൂർദ് മാതാ പള്ളിയിൽ വിശുദ്ധ ബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്ന് പീച്ചിയിലെ സെന്റ് ജോസഫ് സിസ്റ്റേഴ്സിനെ സന്ദർശിച്ചു അവർക്കു ആശീർവാദം നൽകുകയും ചെയ്തു. വൈകിട്ട് പുത്തൂർ ഫൊറോനാ പള്ളിയിലെ കെ എൽ എം സംഘടനയുടെ രജത ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി

നീലങ്കാവിൽ പിതാവ് പട്ടിക്കാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

16 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വിഭൂതിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. വൈകീട്ട് പാലയൂർ തീർത്ഥകേന്ദ്രത്തിൽ വച്ച് വ്രതാരംഭ കൂട്ടായ്മക്ക് ആരംഭം കുറിച്ച് കൊണ്ട് വിഭൂതിയുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡോളേഴ്സ് ബസിലിക്ക ദൈവാലയത്തിൽ വിഭൂതി തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികനായി. വൈകിട്ട് മീഡിയ കത്തോലിക്ക മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് ഡിബി സിഎൽസിയിൽ വച്ച് നടന്ന എക്സൽ അക്കാദമിയുടെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് പറോക്ക് റിസർച്ച് വിഭാഗത്തിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

17 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ അസീസി പ്രൊവിൻസ് അംഗമായ സിസ്റ്റർ ഫിർമിന എഫ് സി സി യുടെ നിര്യാണത്തെ തുടർന്ന് മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ വച്ച് നടത്തപ്പെട്ട മൃതസംസ്ക്കാര കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. ഉച്ചക്ക് ശേഷം മേരിമാതാ മേജർ സെമിനാരിയിലെ സ്റ്റാഫുമായി കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് മേരിമാതാ സെമിനാരിയിലെ വൈദികവിദ്യാർഥികളെ സന്ദർശിക്കുകയും അധ്യാപകരുടെ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് മരത്താക്കര വെച്ച് നടന്ന മദ്യവിമുക്തരുടെ കൂട്ടായ്മയിൽ പങ്കെടുത്തു.

18 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും വൈദീകവിദ്യാർത്ഥികളെ ഉദ്ബോധിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അഭിവന്ദ്യപിതാക്കന്മാർ ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തിയ ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് ജൂബിലി മിഷൻ ആശുപത്രിയിൽ വച്ച് കൂടിയ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുറ്റൂർ സാഗർ ഭവനിൽ വച്ച് നടന്ന അഭിവന്ദ്യ പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ അനുസ്മരണ ദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് സെന്റ് തോമസ് കോളേജിന്റെ

ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

19 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുതൽ ഉച്ചക്ക് ഒരു മണി വരെ നടത്തിയ അതിരൂപത വൈദീകർക്കായുള്ള നോമ്പുകാല ഒരുക്ക ധ്യാനത്തിലും തുടർന്നുണ്ടായിരുന്ന വൈദീക സമ്മേളനത്തിലും പങ്കെടുക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഉച്ചക്കുശേഷം എഫ് സി സി സന്യാസിനീ സമൂഹത്തിലെ അസ്സീസ്സി പ്രൊവിൻസ് അംഗമായ സിസ്റ്റർ തോംസൺ എഫ് സി സി യുടെ നിര്യാണത്തിൽ അനുശോചിക്കുകയും മൃതസംസ്ക്കാര കർമങ്ങൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഡിബിസിഎൽസിയിൽ നടന്ന വൈദികരുടെ മാസ ധ്യാനത്തിലും തുടർന്നുള്ള വൈദിക സമ്മേളനത്തിലും പങ്കെടുത്തു. വൈകിട്ട് ഐടി സെൽ മീറ്റിംഗിൽ പങ്കെടുത്തു.

20 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് തൃശൂർ ബസിലിക്ക പള്ളിയിൽ നിന്നും നോമ്പ് കാലത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും പുറപ്പെടുന്ന ജാഗരണ പദയാത്ര ഉദ്ഘാടനം ചെയ്യുകയും ഒരുക്ക പ്രാർത്ഥന നടത്തുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പല്ലൂരിൽ നടക്കുന്ന വിവാഹ ഒരുക്ക കോഴ്സിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് പാലക്കാട് മേഴ്സി കോളേജിൽ വെച്ച് നടന്ന വാർഷിക സമ്മേളനത്തിൽ ഉദ്ഘാടകനായി. വൈകീട്ട് ലിറ്റർജികൾ കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

21 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ചങ്ങനാശ്ശേരി അതിരൂപത, വിശ്വാസപരിശീലകർക്കായി സംഘടിപ്പിച്ച കാറ്റക്കിസം ടീച്ചേർസ് ഡേ ഉദ്ഘാടനം നിർവഹിച്ച് സന്ദേശം നൽകി. കോട്ടയം വടവാതൂർ സെമിനാരിയിലെ തൃശൂർ അതിരൂപതാംഗങ്ങളായ വൈദീകവിദ്യാർത്ഥികളെയും ബഹുമാനപ്പെട്ട വൈദീകരെയും സന്ദർശിക്കുകയും സുഖവിവരം തിരക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചെങ്ങാലൂർ ഇടവക ദേവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. ഉച്ചതിരിഞ്ഞ് ഒളരിക്കര നവജ്യോതി ബിഎഡ് കോളേജിൽ വച്ച് നടന്ന ഭിന്നശേഷിക്കാരുടെ കലോത്സവം ഉദ്ഘാടനം ചെയ്തു.

22 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ പള്ളിയിൽ വിശുദ്ധ

ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ദൈവാലയ നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. രാവിലെ ഏദൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ യുവതി യുവാക്കൾക്കായി സംഘടിപ്പിച്ച കരിയർ ഗൈഡൻസ് ട്രെയിനിങ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യപിതാക്കന്മാർ വൈകീട്ട് അതിരൂപത ഭവനത്തിൽ കൂടിയ ഏദൻ ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചെവ്വൂർ ഇടവക ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് കുരിയച്ചിറ ഇടവക ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

23 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ മേരിമാതാ മേജർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. രാവിലെ അതിരൂപതയിലെ കൊച്ചച്ചന്മാർക്കായി സംഘടിപ്പിച്ച ഓൺഗോയിങ് ഫോർമേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം തന്നെ വൈകീട്ട് അഭിവന്ദ്യ പിതാവ് യുവ വൈദീകരുമായി വിവിധ ചർച്ചകളിൽ ഏർപ്പെട്ടു. ഉച്ചക്കുശേഷം ജൂബിലി മിഷൻ നഴ്സിംഗ് കോളേജിന്റെ നവീകരിച്ച ചാപ്പൽ ആശീർവ്വദിക്കുകയും ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ യുവവൈദികരുടെ തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. വൈകീട്ട് ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന വിവാഹ ഒരുക്ക കോഴ്സിന് നേതൃത്വം നൽകുന്നവരുടെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് വൈദികരുടെ തുടർ പരിശീലനത്തിൽ കൂരിയ അംഗങ്ങളോടൊപ്പം മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് ക്ലർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

24 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം അതിരൂപത അതിർത്തിയിലെ ഇടവകകളിൽ നിന്ന് കഴിഞ്ഞ ഇലക്ഷനിൽ പങ്കെടുത്തു വിജയിച്ച എല്ലാ ലോക്കൽ ബോഡി മെമ്പേഴ്സിന്റെ അനുമോദന ചടങ്ങിൽ പങ്കെടുക്കുകയും അവർക്കു ആശംസകളും അനുമോദനങ്ങളും അറിയിക്കുകയും സമുദായ ശക്തീകരണത്തിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വൈദികരുടെ തുടർ പരിശീലനത്തിന്റെ ഭാഗമായി പാലക്കാട് ലീഡ്സ് കോളേജിൽ നടത്തിയ സന്ദർശനത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പഴുവിൽ ഫ്രാൻസിസ്കൻ മഠത്തിൽ സിസ്റ്റർ ഒലിവ എഫ് സി സി യുടെ

മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. തുടർന്ന് അതിരൂപത ആസ്ഥാനത്ത് വച്ച് നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് നൽകിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.

25 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശൂർ സെന്റ് മേരിസ് കോളേജിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് തൃശൂർ സെന്റ് തോമസ് കോളേജ് ഹോസ്റ്റൽ നിർമ്മാണ കമ്മിറ്റിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

26 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം അതിരൂപത കുടുംബത്തിൽ നിന്നും മരണം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജോയ് ഫ്രാൻസിസ് എടക്കളത്തൂർ അച്ചന്റെ മൃതസംസ്ക്കാര കർമങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. രാവിലെ അതിരൂപത ആസ്ഥാനത്ത് വച്ച് നടന്ന എൻ ബി സി എൽ സി യുടെ വാർഷിക യോഗത്തിൽ പങ്കെടുത്തു.

27 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം ഡി ബി സി എൽ സിയിൽ വച്ച് നടത്തിയ കോർപറേറ്റീവ് എഡ്യൂക്കേഷണൽ ഏജൻസിയുടെ അവാർഡ് ദിനം ഉദ്ഘാടനം ചെയ്യുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ഉച്ചക്കുശേഷം അതിരൂപതയിലെ വൈദീകനായ ലിജോ ചിറ്റിലപ്പിള്ളി അച്ചന്റെ പിതാവിന്റെ നിര്യാണത്തിൽ അനുശോചിക്കുകയും മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പറപ്പൂക്കര ഇടവക ദേവാലയത്തിൽ വച്ച് നടന്ന 40 മണിക്കൂർ ആരാധനയുടെ ആരംഭത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഡിബിസിഎൽസിയിൽ വച്ച് നടന്ന കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് പീച്ചി ഇടവക ദേവാലയത്തിൽ ബഹുമാനപ്പെട്ട ലിജോ ചിറ്റിലപ്പള്ളി അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകീട്ട് ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

28 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം ആർച്ച്ബിഷപ്പ് ഹൗസിൽ വച്ച് കൂടിയ സമുദായ ശക്തീകരണ സ്റ്റിയറിംഗ് കമ്മിറ്റീ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഇംഗ്ലണ്ട്, അയർലൻഡ്, റോം സന്ദർശനത്തിനായി യാത്ര തിരിച്ചു.

## നാമകരണ നടപടികൾ

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



ഇരിങ്ങാലക്കുട രൂപതാംഗവും മടത്തുംപിടി സെന്റ് അഗസ്റ്റിൻസ് ഇടവക വികാരിയുമായ ബഹു. ലിന്റോ തളിയനായത്ത് ആണ് മാർച്ച് മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണത്തിൽ വി. ബലിയർപ്പിച്ച് ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെക്കുറിച്ച് സന്ദേശം നൽകിയത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തന്നെയായിരുന്നു ആരാധനയും. മടത്തുംപിടി സെന്റ് അഗസ്റ്റിൻസ് ഇടവകയിൽ നിന്നുള്ള ധാരാളം വിശ്വാസികൾ അവിടെ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സിനോടൊപ്പം ആദ്യന്തം തിരുകർമ്മങ്ങളിൽ സന്നിഹിതരായിരുന്നു. കണ്ണംകുളങ്ങര നിന്നുള്ള കൊക്കാലി ജെയ്സൺ & ഫാമിലിയാണ് ഈ മാസത്തെ പരിപാടികൾ ഏറ്റെടുത്ത് നടത്തിയത്. ധന്യനായ ഊക്കനച്ചന്റെ നാമകരണ പരിപാടികളുടെ വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. വർഷ സി. എസ്. സി. എല്ലാവർക്കും സ്വാഗതവും നന്ദിയും പറയുകയും ചെയ്തു.

**ധന്യനായ ഊക്കനച്ചന്റെ തിരുവുത്ഥാന ചിന്തകൾ:**

യേശുവിന്റെ ഉയിർത്തെഴുന്നേറ്റ ശരീരവും കുത്തിമുറിവേൽപ്പിക്കപ്പെട്ട ശരീരവും തുലനം ചെയ്യുക മുറിവുകളും ചതവുകളുമെല്ലാം പോയി. തത്സ്ഥാനത്ത് അനുഗ്രഹങ്ങളും സൗന്ദര്യവും നിറഞ്ഞു. എന്റെ ആത്മാവിനെയും സൗന്ദര്യപൂർണ്ണമാക്കുക; അവൾ ഉയിർത്തെഴുന്നേറ്റ യേശുവിന്റെ മണവാട്ടിയായിരിക്കട്ടെ.

ഞായറാഴ്ച പ്രഭാതത്തിൽ, മഹത്വപൂർണ്ണവും വൈദ്യുത പ്രകാശത്തെ വെല്ലുന്ന തേജസ്സുറ്റതുമായ യേശുവിന്റെ ആത്മാവ് കല്ലറയിൽ പ്രവേശിക്കുന്നു. അത് ആ ദിവ്യശരീരത്തിൽ പ്രവേശിച്ച് അതിനെ പ്രഭാപൂരിതമാക്കുന്നു; അക്ഷയത്വവും അമർത്യതയും ലഘുത്വവും പ്രദാനം ചെയ്യുന്നു. ഉദിച്ചുയരുന്ന സൂര്യനെപ്പോലെ കല്ലറയിൽ നിന്നും അവിടുന്ന് പുറത്തുവരുന്നു. അപ്പോൾ മാലാഖമാരും വിശുദ്ധരും പാടി: ഇതാ, ദൈവപുത്രൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. ഉത്ഥിതനോട് വ്യക്തിപരവും ദൃഢവുമായ സ്നേഹം നിന്നിലുളവാക്കുവാൻ പ്രാർത്ഥിക്കുക.

ഉത്ഥാനം ചെയ്ത യേശു ഭക്ഷിക്കുന്നു: ശിഷ്യരുടെ ഹൃദയത്തെ കീഴടക്കുവാൻ അവിടുന്ന് ഒരു മാർഗ്ഗവും ഉപേക്ഷിക്കുന്നില്ല. ആത്മാക്കളുടെ മാനസാന്തരത്തിനായി എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കുക.

ഉത്ഥിതനായ യേശു ശരീരത്തിൽ മുറിപ്പാടുകൾ സൂക്ഷിച്ചത്: പരിത്രാണ കർമ്മത്തിൽ യേശുവിന് എന്ത് വിലകൊടുക്കേണ്ടി വന്നു എന്ന് നമ്മെ കാണിച്ചു തരുന്നതിന്; എങ്ങനെയാണ് താൻ മഹത്വത്തിൽ പ്രവേശിച്ചത് എന്ന് നമ്മെ മനസ്സിലാക്കിത്തരുന്നതിന് സഹനങ്ങളെ ഭയപ്പെടാതെയിരിക്കാൻ.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ലൂക്കാ 2 : 51–52 'അവൻ അവരോടൊപ്പം പുറപ്പെട്ട് നസ്രത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു'.

ഈ ഒളിപ്പിക്കപ്പെട്ട രഹസ്യജീവിതത്തിന്റെ രഹസ്യങ്ങൾ സാധാരണ ജനങ്ങൾ അറിയുന്നില്ല. എന്നാൽ നാം അറിയുന്നു. 'അവിടുന്ന് മടങ്ങിച്ചെന്നു. നസ്രസ്സിൽ അറിയപ്പെടാതെ ജീവിതം കഴിച്ചു'. സൂര്യൻ തന്റെ കിരണങ്ങളെ കാർമേഘങ്ങളാൽ മറയ്ക്കപ്പെടുന്നതിന് അനുവദിക്കുന്നതുപോലെ നീതിസൂര്യനായ യേശു തന്റെ ശോഭയെ മറയ്ക്കുന്നതിന് തിരുമനസ്സായി. നാം എത്ര മറിച്ചാണ് ചെയ്യുന്നത്. എന്തെങ്കിലും നന്മയുണ്ടെങ്കിൽ അത് അപ്പോൾ തന്നെ മറ്റുള്ളവരെ അറിയിക്കണം. എല്ലാവരാലും ബഹുമാനിക്കപ്പെടണം.

അവിടുന്ന് കീഴ്വഴങ്ങി. ആര്? ആർക്ക്? ദൈവം. സർവ്വശക്തൻ, സർവ്വ

ത്തിന്റെയും ഉടയവൻ, സർവ്വത്തിന്റെയും യജമാനൻ ദാസർക്ക് കീഴടങ്ങുന്നു. അതെ അവിടത്തെ നാമത്തിൽ എല്ലാ മുട്ടുകളും മടങ്ങുന്നു. എല്ലാ നാവും തന്റെ നാമത്തിൽ സ്തുതിക്കുന്നു. അജ്ഞാനിയായിരുന്ന ശതാധിപൻ ഏറ്റുപറഞ്ഞതുപോലെയാണിത്. 'എന്റെ കീഴിൽ ദാസന്മാരുണ്ട്. ഒരുവനോട് ഞാൻ പോകുക എന്നു പറയുന്നു. അവൻ പോകുന്നു'. 'അതായത് നീ സർവ്വത്തിന്റെയും നാഥനാകുന്നല്ലോ. നീ കൽപ്പിക്കുക മാത്രം ചെയ്താൻ മതി'. അവിടുന്ന് സർവ്വാധിപനാണ്. എന്നിട്ടും കീഴ്‌വഴങ്ങുന്നു.

കീഴ്‌വഴക്കം എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനവും എല്ലാ പുണ്യങ്ങളിലും ശ്രേഷ്ഠവുമാണ്. മൂന്ന് വലിയ വ്രതങ്ങളെ (പറഞ്ഞൊപ്പുകളെ) എടുക്കുക. നമുക്കു പുറമെ ഉള്ളതിനെ ദാരിദ്ര്യവ്രതത്തിൽ കർത്താവിനായി ഉപേക്ഷിക്കുന്നു. ശരീരമാകുന്ന കീഴാംശത്തെ ബ്രഹ്മചര്യവ്രതത്തിൽ കർത്താവിനായി ബലിചെയ്യുന്നു. എന്നാൽ കീഴ്‌വഴക്കത്തിൽ നമ്മുടെ പ്രധാന അംശമായ ആത്മാവിനെ (സ്വാതന്ത്ര്യത്തെ) അവിടുത്തേക്കായി അർപ്പിക്കുന്നു.

കർത്താവിന്റെ പരസ്യജീവിതം – അതിനായി അവിടുന്ന് മുപ്പത് വത്സരം അതായത് ഒന്നിന് പത്തു വീതം ഒരുങ്ങി. ഏകാന്ത ജീവിതം നയിച്ചു. ഒരുക്കം നടത്തി. നമ്മുടെ സെമിനാരി ജീവിതം കുറച്ചേ ഉള്ളൂ. എന്നാൽ സമയച്ചുരുക്കം തീക്ഷണതവർദ്ധനവിനാൽ നീവാരണം ചെയ്യണം. 40 ദിവസത്തെ ഉപവാസം അവിടുന്ന് അനുഷ്ഠിക്കുന്നു. അവിടുന്ന് പിന്നീട് പരീക്ഷിക്കപ്പെടുന്നു. നാമും ഈ മൂന്നു ശത്രുക്കളെ അടക്കിയിട്ടു വേണം പുറത്തിറങ്ങുന്നത്. പരസ്യജീവിതത്തിൽ കാണുന്ന ശുഷ്കാന്തി; ദൈവഭവനത്തിൽ നിന്ന് കച്ചവടക്കാരെ ആട്ടിയോടിക്കുന്നു. ഒരു ആത്മാവിന്റെ പോലും രക്ഷയിലുള്ള താല്പര്യം (സമരിയാക്കാരി).

NB: ഫാ. പോൾ പുളിക്കൻ രചിച്ച 'ദൈവത്തിന്റെ തച്ചൻ, തച്ചുപറമ്പിൽ അന്തോണിയച്ചൻ' എന്ന ഗ്രന്ഥം DBCLC, ചേലക്കര ദേവാലയം, മേരിമാതാ മേജർ സെമിനാരി എന്നിവിടങ്ങളിൽ ലഭ്യമാണ്.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. ബിനോയ് മഞ്ഞളി 01
ഫാ. മനോജ് കീഴൂരുമുട്ടിക്കൽ 02
ഫാ. ആന്റോ ഒല്ലൂക്കാരൻ 02
ഫാ. ആന്റണി ചിറ്റിലപ്പിള്ളി Jr. 03
ഫാ. ജീജോ വള്ളൂപ്പാറ 04
ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ 05
ഫാ. കനേഡിയൻ തണ്ടാശ്ശേരി 05
ഫാ. ജോർജ്ജ് ചെറുവത്തൂർ 06
ഫാ. ഫ്രാൻസിസ് നീലങ്കാവിൽ 06
ഫാ. താഴത്ത് നിതിൻ 06
ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര07
ഫാ. സോബിൻ പായിക്കാട്ട് 07
ഫാ. ഷിജു ചിറ്റിലപ്പിള്ളി 08
ഫാ. ജോഷി പറോക്കാരൻ 09
ഫാ. വർഗ്ഗീസ് കരിപ്പേരി 10
ഫാ. ഗോഡ്‌വിൻ എടക്കളത്തൂർ 11
ഫാ. റിഞ്ചോ ഓലപ്പുരക്കൽ 11
ഫാ. ജോയി അടമ്പുകുളം 12
ഫാ. ലിജോ ചിരിയങ്കണ്ടത്ത് 13
ഫാ. ടൈസൻ മണ്ടുംപാൽ 13
ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ 13
ഫാ. ലിവിൻ ചൂണ്ടൽ 14
ഫാ. മാത്യു കുറ്റിക്കോട്ടയിൽ 14
ഫാ. ജോൺ മുളക്കൽ 14
ഫാ. സ്റ്റീഫൻ അറക്കൽ 16
ഫാ. മാത്യു ചാക്കേരി 16
ഫാ. തോമസ് വടക്കേത്തല 16
ഫാ. അലക്സ് മാപ്രാണി 18
ഫാ. ഡൈജോ പൊറുത്തൂർ 18
ഫാ. സെബി ചിറ്റാട്ടുകര 19
ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് 19
ഫാ. ആൻസിൽ ജോൺ വെള്ളറ 19
ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ 20
ഫാ. ക്രിസ്റ്റീൻ ചിറമ്മൽ 21
ഫാ. ജിജോ മുരിങ്ങാത്തേരി 22
ഫാ. വർഗ്ഗീസ് ഊക്കൻ 22
ഫാ. ജോസ് പുലിക്കോട്ടിൽ 24
ഫാ. ജോബി കടപ്പൂരാൻ 25
ഫാ. ബിനോയ് ചിറ്റിലപ്പിള്ളി 27
ഫാ. ലോറൻസ് ഒലക്കേങ്കിൽ 27
ഫാ. ജിയോ ചെറടായി 28
ഫാ. മേജോ കോരെത് 28
ഫാ. ആന്റണി മേച്ചേരി 28
ഫാ. റിജോയ് തൈവളപ്പിൽ 28
ഫാ. സലീഷ് അറങ്ങാശ്ശേരി 29
ഫാ. ജിന്റോ ചൂണ്ടൽ 29
ഫാ. ജോബ് വടക്കൻ 29
ഫാ. ഫ്രാൻസിസ് അറക്കൽ 30
ഫാ. ഫ്ളെർജിൻ തയ്യാലക്കൽ 30

## നാമഹേതുക തിരുനാൾ
## FEAST DAY

നാമഹേതുകതിരുനാൾ

ഫാ. ജോജു ആളൂർ 24
ഫാ. അപ്പക്കോട്ട് എഡ്വിൻ ജോർജ്ജ് 24
ഫാ. സിജോ അരിക്കാട്ട് 24
ഫാ. അനു ചാലിൽ 24
ഫാ. ലിജോ ചാലിശ്ശേരി 24
ഫാ. ജോർജ്ജ് ചേലപ്പാടൻ 24
ഫാ. ഡേവിസ് ചെറയത്ത് ഖ്യ. 24
ഫാ. ജോർജ്ജ് ചെറുവത്തൂർ 24
ഫാ. ജിയോ ചിരിയങ്കത്ത് 24
ഫാ. ജിന്റോ ചൂൽ 24
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 24
ഫാ. ജോർജ്ജ് എടക്കുളത്തൂർ 24
ഫാ. റോജോ എലുവത്തിങ്കൽ 24
ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ 24
ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ 24
ഫാ. വർഗ്ഗീസ് കരിപ്പേരി 24
ഫാ. മനോജ് കീഴൂരുമുട്ടിക്കൽ 24
ഫാ. ജോർജ്ജ് കോമ്പാറ 24
ഫാ. പ്രിന്റോ കുളങ്ങര 24
ഫാ. വർഗ്ഗീസ് കൂത്തൂർ 24
മോൺ. ജോർജ്ജ് മാനാടൻ 24
ഫാ. ക്രിസ്റ്റോ മഞ്ഞളി 24
ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ 24
ഫാ. ജിഫി മേക്കാട്ടുകുളം 24
ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ 24
ഫാ. ജിജോ മുരിങ്ങാത്തേരി 24
ഫാ. ജോമോൻ മുരിങ്ങാത്തേരി 24
ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ 24
ഫാ. വർഗ്ഗീസ് പാലത്തിങ്കൽ 24
ഫാ. ജോഷി പറോക്കാരൻ 24
ഫാ. സോബിൻ പായിക്കാട്ട് 24
ഫാ. പാണേങ്ങാടൻ ക്ലിന്റ് 24
ഫാ. പ്രിൻസ് പിണ്ടിയാൻ 24
ഫാ. ജോജു പൊറുത്തൂർ 24
ഫാ. ജെയ്സൻ പുന്നാശ്ശേരി 24
ഫാ. കനേഡിയൻ താശ്ശേരി 24
ഫാ. മനോജ് താണിക്കൽ 24
ഫാ. ജിയോ തരകൻ 24
ഫാ. വർഗ്ഗീസ് തരകൻ 24
ഫാ. ജസ്റ്റിൻ തേക്കാനത്ത് 24
ഫാ. ജോർജ്ജ് തേറാട്ടിൽ 24
ഫാ. ഷാജൻ തേർമഠം 24
ഫാ. ജോർജ്ജ് തേർമഠം 24
ഫാ. വർഗ്ഗീസ് ഊക്കൻ 24
ഫാ. ജോർജ്ജ് വടക്കേത്തല 24
ഫാ. മിഥുൻ വടക്കേത്തല 24
ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി 24
ഫാ. വിനോയ് വാഴപ്പിള്ളി 24

## ചരമദിനങ്ങൾ
# DEATH DAY

| | |
|---|---|
| ഫാ. തട്ടിൽ സെബാസ്റ്റ്യൻ | 01.04.1963 |
| ഫാ. അക്കര സേവ്യർ | 07.04.1978 |
| ഫാ. ചിറ്റിലപ്പിള്ളി റാഫേൽ | 07.04.2019 |
| ഫാ. വലിയവീട്ടിൽ ജോസഫ് | 10.04.1972 |
| മോൺ. അടമ്പുകുളം ജേക്കബ് | 11.04.1993 |
| മോൺ. ചാലിശ്ശേരി ഇഗ്നേഷ്യസ് | 11.04.1997 |
| ഫാ. ചാലക്കൽ ജോൺ | 14.04.1991 |
| ഫാ. എടയാൽ ചാക്കോ | 14.04.2018 |
| ഫാ. മാളിയേക്കൽ തോമസ് | 16.04.1944 |
| ഫാ. കാട്ടൂക്കാരൻ പോൾ | 16.04.1983 |
| ഫാ. ഐനിക്കൽ ആന്റണി | 17.04.2022 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 18.04.1962 |
| ഫാ. ബ്രഹ്മകുളം ഫ്രാൻസിസ് | 18.04.1982 |
| ഫാ. ചിറമ്മൽ ഫ്രാൻസിസ് | 18.04.1997 |
| ഫാ. അമ്പുക്കൻ യോഹന്നാൻ | 19.04.1930 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 22.04.2021 |
| ഫാ. വാലികോടത്ത് ജോൺ | 24.04.1973 |
| ഫാ. പെരുമാട്ടിൽ ഗീവർഗ്ഗീസ് | 25.04.1895 |
| ഫാ. വടക്കൻ സിറിയക് | 26.04.2017 |
| ഫാ. കൊള്ളന്നൂർ മാത്യു | 27.04.1944 |
| ഫാ. കിഴക്കൂടൻ അബ്രാഹം | 28.04.1977 |
| ഫാ. ചെറയത്ത് ജേക്കബ് | 30.04.2021 |
| ഫാ. തൈക്കാട്ടിൽ ജേക്കബ് | 30.04.2021 |

# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**എഫ്.സി.സി**

നവീകരിച്ച പെരിങ്ങോട്ടുകര സെറാഫിക് കോൺവെന്റിന്റെ വെഞ്ചെരിപ്പ് കർമ്മം 7-ാം തീയതി ബിഷപ്പ് എമരിറ്റസ് മാർ ബോസ്കോ പുത്തൂരിന്റെ പ്രധാന കാർമികത്വത്തിൽ നടന്നു. കോട്ടയം കളത്തിപ്പടി ക്രിസ്റ്റീൻ റിട്രീറ്റ് സെന്ററിൽ സുവിശേഷവത്ക്കരണ രംഗത്ത് പ്രവർത്തിക്കുന്നവർക്കായി 8-12 വരെ സംഘടിപ്പിച്ച പവർ കോൺഫറൻസിൽ സി. കീർത്തന ജോസഫ്, സി. ക്രിസ് മരിയ, സി. ഹെലന ആന്റീസ്, സി. അബിയ ബിനു എന്നിവർ പങ്കെടുത്തു. 14-ാം തീയതി ശനിയാഴ്ച 2 pm ന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2025-26 അധ്യയനവർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപക-അനധ്യാപ കർക്ക് യാത്രയയപ്പ് നൽകി. 19-ാം തീയതി തൃശൂർ എം ഐ ഓഡിറ്റോറിയത്തിൽവെച്ച് നടന്ന അൽഫോൻസ ഗാർഡന്റെ പ്രോവിൻസ് തലത്തിലുള്ള സമാപനസമ്മേളനത്തിൽ പ്രെ ാവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ സന്ദേശം ന ൽകി. തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ നടന്ന 3 ദിവസത്തെ Compassionate Communicati on Training Programme ൽ 56 സിസ്റ്റേഴ്സ് സംബന്ധിച്ചു. 27-ാം തീയതി പ്രൊവിൻഷ്യൽ പ്ലീനറി അസംബ്ലിയ്ക്ക് ഒരുക്കമായി എല്ലാ ഭവനങ്ങളിലും പ്രൊവിൻഷ്യൽ ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ Synodal Journey നടന്നു.

**സി.എം.സി**

ഫെബ്രുവരി 2 സമർപ്പിതദിനമായി ആചരിച്ചു. ആലുവ ജനറ ലേറ്റിൽ വെച്ച് നടന്ന ജനറൽ പ്ലിനറിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ, മിഷൻ സുപ്പീരിയർ സി. മരിയറ്റ്,

സി. നമിത എന്നിവർ പങ്കെടുത്തു. ആലുവ ജനറലേറ്റിന്റെ നേതൃത്വത്തിൽ CMC Management ന്റെ കീഴിലുള്ള സെപ്ഷ്യൽ സ്കൂളുകളുടെ സ്നേഹ സംഗമം മുള്ളൂർക്കര കാർമ്മൽ മൗണ്ട് സ്പെഷ്യൽ സ്കൂളിൽ വെച്ച് നടത്തി. ഇതിന്റെ ഉദ്ഘാടന കർമ്മം പ്രൊവിൻഷ്യൽ സുപ്പീരിയർ സി.സാലി പോൾ നിർവഹിച്ചു. രോഗീ ദിനമായ ഫെബ്രു.11 ന് പ്രൊവിൻഷ്യൽ ഹൗസിൽ ജപമാല പ്രദക്ഷിണം നടത്തി പ്രാർത്ഥിച്ചു. അന്നേ ദിനം പ്രൊവിൻഷ്യൽ കൗൺസിൽ, ഏതാനും സിസ്റ്റേഴ്സും ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റലിലെ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ആലുവ ജനറലേറ്റിൽ വെച്ച് നടന്ന Formaters &Theology ക്കാരുടെ meeting ൽ പ്രൊവിൻഷ്യാളമ്മയും, സിസ്റ്റേഴ്സും സംബന്ധിച്ചു. ഫെബ്രു. 10 ന് ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന സി.എം.സി. മാനേജ്മെന്റിന്റെ കീഴിലുള്ള അദ്ധ്യാപിക – അനദ്ധ്യാപകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫെബ്രു 10 ന് ഹൃദ്യമായ യാത്രാമംഗളങ്ങൾ ആശംസിച്ചു. ഫെബ്രുവരി മാസത്തിൽ ഒല്ലൂർ വിൻസെന്റ് ഡി പോൾ & ജൂബിലി മിഷൻ ക്വാർട്ടേഴ്സ് തൃശ്ശൂർ എന്നി മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ കാനോനിക സന്ദർശനം നടത്തി. പ്രൊവിൻഷ്യൽ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ സേക്രഡ് ഹാർട്ട് തൃശ്ശൂർ, മണലൂർ എന്നി സ്കൂളുകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. സി.എം.സി.യുടെ 161–ാം സ്ഥാപനദിനമായ ഫെബ്രുവരി 13 ന് എല്ലാ ഭവനങ്ങളിലും ഈ നിയോഗാർത്ഥം ദിവ്യബലി അർപ്പിക്കുകയും ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. കണ്ടശ്ശാംകടവ് സ്കൂളിന്റെ New block വെഞ്ചിരിപ്പ് കർമ്മം Rev. Fr. Raphael Akkamattathil നടത്തി. വരന്തരപ്പിള്ളി, കൊട്ടേക്കാട്, ലേഡി ഫാറ്റിമ ഒല്ലൂർ എന്നി മഠങ്ങളിലെ പ്രായമായ അമ്മമാർക്ക് സി. പ്രദീപ & സി. റോസ്വെൽ വാർഷികധ്യാനം നടത്തി. സെന്റ് ആന്റണീസ് കോൺവെന്റ് പാലുവായിലെ കെയ്റോസ്, ഉജ്ജീവനം അംഗങ്ങൾക്ക് സി. മേഴ്സി പോൾ ക്ലാസ് നൽകി. Bangalore Dhamaram ൽ BTh 1st Rank Sr. Giovanni കരസ്ഥമാക്കി. KCBC ജാഗ്രത കമ്മീഷന്റെയും KCMS ന്റെയും പിന്തുണയോടെ പ്രവർത്തിക്കുന്ന Voice of Nuns ന്റെ POC യിൽ വെച്ച് നടന്ന Meeting ൽ Sr Giovanni പങ്കെടുത്തു. CMC associate അംഗങ്ങളെ കറുകുറ്റി ദൈവദാസി മേരി സെലീനാമ്മയുടെ കബറിടത്തിലേക്കു തീർഥാടനത്തിന് കൊണ്ടു പോയി

**സി.എച്.എഫ്**

06.02.2026 ൽ സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 2019 മുതൽ 2024 വരെ ആദ്യ വ്രതാർപ്പണം നടത്തിയ

ജൂനിയർ സിസ്റ്റേഴ്സിന്റെ ബാച്ച് ഗാതറിംഗ് നടത്തി. റവ.ഫാ. ട്രിജോ കപ്പൂച്ചിൻ ക്ലാസ് നയിക്കുകയും തുടർന്ന് 7, 8, 9,10, 11, പ്ലസ് ടു, ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തിയ ജാഗരണ പ്രാർത്ഥന റവ. ഫാ. സിജോ മുരിങ്ങാത്തേരി നയിക്കുകയും ജൂനിയർ സിസ്റ്റേഴ്സും വൊക്കേഷൻ പ്രമോട്ടേഴ്സും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തു. 06.02.2026 ൽ HFMLP School, Thrissur ന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ഒരു ലാർജ്ജ് ഫാമിലിയ്ക്ക് ഭവനം നിർമ്മിച്ചു നല്കി. 07.02.2026ൽ വി.മറിയം ത്രേസ്യായുടെ സ്വർഗ്ഗ പ്രവേശനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് കിച്ചണിൽ സഹായിക്കുന്ന അന്യ സംസ്ഥാന ജോലിക്കാർക്കായി ഒരു ദിവസത്തെ പ്രോഗ്രാം സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. 08.02.2026 ൽ സി.എച്ച്.എഫ് നവജ്യോതി ഐ.എഫ്.ഡി.എഫ് ന്റെ സെന്റർ ഡെ സമുചിതമായി ആഘോഷിച്ചു. 21.02.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 1984 മുതൽ 1997 വരെ ആദ്യ വ്രതാർപ്പണം നടത്തിയ സിസ്റ്റേഴ്സിന്റെ ബാച്ച് ഗ്യാതറിംഗ് '3 R Vibes' പ്രോഗ്രാം നടത്തപ്പെട്ടു. 26.02.2026 ന് നവജ്യോതി പ്രൊവിൻഷ്യലേറ്റ് ഭവനാംഗമായിരുന്ന സി. കാഷ്യസിന്റെ 41-ാം ചരമദിനം ആചരിച്ചു. 27.02.2026 ന് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 1998 മുതൽ 2018 വരെ ആദ്യവ്രതാർപ്പണം നടത്തിയ സിസ്റ്റേഴ്സിന്റെ ബാച്ച് ഗ്യാതറിങ്ങ് ('3R vibes Programme') നടത്തപ്പെട്ടു. 28.02.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിലെ പോസ്റ്റുലൻസ് റീജിയൻസിക്കായി വടൂക്കര, പീച്ചി ഭവനങ്ങളിലേയ്ക്ക് പോയി. 01.03.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ നിന്നും ഡോ. സി.ജൂലിയ ഇരിങ്ങാലക്കുടയിലെ ധ്യാന ടീമിനോടൊപ്പം ഓസ്ട്രേലിയയിൽ സുവിശേഷ പ്രഘോഷണം നടത്തുന്നതിനായി പോയി.

### എസ്.എ.ബി.എസ്

ഫെബ്രുവരി ഒന്നിന് ആലപ്പുഴയിലെ പുന്നപ്പുറ ദനഹാലയയിൽ തിയോളജി കോഴ്സിൽ പോസ്റ്റുലൻസ് മൂന്നു പേർ പങ്കെടുത്തു. രണ്ടിന് ലോകസമർപ്പിതദിനം എല്ല ഭവനസമൂഹങ്ങളിലും സമുചിതമായി ആഘോഷിച്ചു. ഏഴിന് എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി എന്നീ പരീക്ഷകൾക്കായി ഒരുങ്ങുന്ന കുട്ടികൾക്കായി വിവിധ ഭവന സമൂഹങ്ങളിൽ തിരുമണിക്കൂർ നടത്തി ആശംസകളും സമ്മാനങ്ങളും കൈമാറി. എട്ടിന് കോട്ടയം ക്രിസ്ത്യൻ ധ്യാന കേന്ദ്രത്തിൽ നടന്ന ത്രീ ഡേയ്സ് മിഷൻ 2033 പവർ ഇവാഞ്ചെലൈസേഷൻ 2026 ൽ സിസ്റ്റർ മെറിൻ റോസ്, സിസ്റ്റർ ആൻ

ജോസ് പുലിക്കോട്ടിൽ, സിസ്റ്റർ ബിനി റോസ് പരപ്പൻ എന്നിവർ പങ്കെടുത്തു. മുളയം മേരിമാതാ മേജർ സെമിനാരിയിൽ നടത്തിയ 60 years of reception of Vatican II by Church in India) എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറിൽ റവ. സി. സുമാ തെരേസ് പേരേപ്പാടൻ സംബന്ധിച്ചു. 27 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജാഗരണ പ്രാർത്ഥന നടത്തി. ജനറലേറ്റിന്റെ നിർദ്ദേശപ്രകാരം ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ മരിയൻ ധ്യാനത്തിൽ നാല് ബാച്ചുകളിലായി 200 സിസ്റ്റേഴ്സ് പങ്കെടുത്തു

**സി. എസ്. എസ്.**

ഫെബ്രുവരി 2 ന് മണ്ണുത്തി നോവീഷ്യേറ്റ് ഹൗസിൽ നടത്തിയ ദിവ്യബലിയിൽ ആത്മസമർപ്പണചൈതന്യത്തോടെ എല്ലാവരും തിരികൾ കത്തിച്ചു സമർപ്പിക്കുകയും എല്ലാ സമർപ്പിതർക്കും വേണ്ടി പ്രാർത്ഥിക്കുകയും ലോകസമർപ്പിതദിനമായി ആചരിക്കുകയും ചെയ്തു. ഫെബ്രുവരി 11-ാം തിയ്യതി മണ്ണുത്തി ലൂർദ്ദ് കോൺവന്റിൽ ലൂർദ്ദ് മാതാവിന്റെ തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. അതിനോടനുബന്ധിച്ച് ലൂർദ്ദ് കോൺവെന്റിൽ 13 മണിക്കൂർ ആരാധനയും നടത്തപ്പെടുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥി ക്കുകയും ചെയ്തു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധന യും ബഹു. ഫാ. സജി തെക്കേകൈതകാട്ട് സി.എം.ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ആദ്യവ്രതവാഗ്ദാനത്തിനായി ഒരുങ്ങുന്ന അർത്ഥിനികളുടെ ഭവനസന്ദർശനം സ്നേഹോദയ പ്രൊവിൻഷ്യൽ റവ. സി. റിറ്റയും സിസ്റ്റേഴ്സും നടത്തുകയും സൗഹൃദം പങ്കിടുകയും ചെയ്തു. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫെബ്രുവരി 22 മുതൽ 28 വരെയുള്ള തിയതികളിൽ ബഹു. ഫാ. ഡോ. മാനുവൽ വള്ളിപാലം ഒ.സി.ഡി. യുടെ നേ തൃത്വത്തിൽ വാർഷികധ്യാനം നടത്തപ്പെടുകയും അതിൽ 25 സഹോ ദരിമാർ പങ്കെടുക്കുകയും ചെയ്തു. മിഷൻ പ്രോവിൻസിന്റെ ചണ്ഡി ഗഡ്, സിൽചാർ എന്നീ മിഷനിലെ ഹൗസുകൾ സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ സി. എസ്. എസ്, ജനറൽ കൗൺസി ലേഴ്സും കാനോനിക സന്ദർശനം നടത്തി. പോസ്റ്റുലൻസ് 11 പേർ ധോണി മരിയൻ ധ്യാനകേന്ദ്രത്തിൽ ഒരുമാസം പ്രാർത്ഥന ക്കായി ചിലവഴിച്ചു.

**സി.എസ്.സി**

ഫെബ്രുവരി 1 മുതൽ 7 വരെ മുല്ലക്കര ആത്മദർശൻ കോൺവെ ന്റിൽ വച്ച് വചനോപാസന ധ്യാനം നടത്തി. ഫെബ്രുവരി 21-ാം

തീയതി ഫോർമേറ്റേഴ്സ് മീറ്റിംഗ് മരിയ ഭവൻ ജനറലേറ്റിൽ വച്ച് നടത്തി എല്ലാ പ്രൊവിൻസുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. ഫെബ്രുവരി 28 ന് തൃശ്ശൂർ മരിയ പ്രൊവിൻസിന്റെ കീഴിലുള്ള എല്ലാ അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർക്കും മാർച്ച് 3 ന് എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർ, നഴ്സറി ഇൻചാർജ്മാർ എന്നിവർക്കുമായി സംഘടിപ്പിച്ച മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മദർ വെണ്മ നേതൃത്വം വഹിച്ചു. CSC സഹയാത്ര സന്ദർശിച്ച സ്ഥലങ്ങൾ പോന്നൂർ പുതുശ്ശേരി, ചൊവ്വന്നൂർ എന്നി വിടങ്ങളിലാണ്.

## ആദരാഞ്ജലികൾ



16.02.2026 മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഭവനാംഗമായ സി. ഫിർമിന 2026 ഫെബ്രുവരി 16-ാം തീയതി രാവിലെ 8.30 ന് നിര്യാതയായി. 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റ് ചാപ്പലിൽ നടന്നു. .



18.02.2026 പടവരാട് സെന്റ് ട്രീസാസ് ഭവനാംഗമായ സി. തോംസൺ 2026 ഫെബ്രുവരി 18-ാം തീയതി രാത്രി 11.55 ന് നിര്യാതയായി. 19-ാം തീയതി വ്യാഴ്ച വൈകീട്ട് 5.00 മണിക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ പടവരാട് സെന്റ് ട്രീസാസ് കോൺവെന്റ് ചാപ്പലിൽ നടന്നു.



23.02.2026 പഴുവിൽ സെന്റ് ആന്റണീസ് ഭവനാംഗമായ സി. ഒലീവ 2026 ഫെബ്രുവരി 23-ാം തീയതി ഉച്ചകഴിഞ്ഞ് 2.55 ന് നിര്യാതയായി. 24-ാം തീയതി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് 3.30 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ പഴുവിൽ സെന്റ് ആന്റണീസ് കോൺവെന്റ് ചാപ്പലിൽ നടന്നു.



സി.എസ്.എസ്. സ്നേഹാരാം പ്രോവിൻസിലെ അംഗമായ റവ. സി. നവീന പനോക്കാരൻ 02.03.2026 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരകർമ്മങ്ങൾ നടന്നു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# മേരിമാതാ മേജർ സെമിനാരി

**ഫിലോസഫി യാത്രയയപ്പ്**

അവസാനവർഷ ഫിലോസഫി പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള യാത്രയപ്പ് ഫെബ്രുവരി 12 വ്യാഴാഴ്ച നടന്നു. രാവിലത്തെ വിശുദ്ധ കുർബാനയ്ക്ക് ബഹു. സിന്റോ പൊറത്തൂർ അച്ചൻ മുഖ്യകാർമികനായി. ബഹു. സിബി ചെറുതോട്ടിലച്ചൻ വചന സന്ദേശം നൽകി. വിശുദ്ധ കുർബാനയ്ക്കുശേഷം അവസാനവർഷ ഫിലോസഫി ബാച്ചിലെ എല്ലാ വൈദികവിദ്യാർഥികളുടെയും ശിരസ്സിൽ ബഹുമാനപ്പെട്ട വൈദികർ കൈകൾ വച്ച് പ്രാർത്ഥിക്കുകയും ചെയ്തു. വൈകിട്ട് യാത്രയയപ്പ് യോഗവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വിവിധ സെമിനാരികളിൽനിന്നുള്ള നിന്നുള്ള ബഹുമാനപ്പെട്ട റെക്ടറച്ചന്മാരും മറ്റു ബഹുമാനപ്പെട്ട വൈദികരും യോഗത്തിൽ പങ്കെടുത്തു.

MEPC **സിമ്പോസിയം**

ഫെബ്രുവരി 13,14 ദിവസങ്ങളിലായി മേരിമാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ നേതൃത്വത്തിൽ സിമ്പോസിയം സംഘടിപ്പിച്ചു. KU Louven Faculty of Theology and Religious Studiesന്റെ ഡീനായ Dr. Benedicte Lemmelijn സിമ്പോസിയം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. Dr.Dries Bosschaert, Dr. Hans Auloos (UC Louven), Dr. Paul Pulikkan, Dr. Jolly CHF, Dr. Mary Julit Mandumpala CMC, Dr.Jacob Parappally, Dr. Sanal Maliyecal, Dr. Joshy Mathew ,Dr. Robi Kunthaniyil, Mr. Grinto Davy, Br. Geevarghese Christi, Dr. Simi Varghese എന്നിവർ പേപ്പറുകൾ അവതരിപ്പിക്കുച്ചു.

**Neighbours Day -**

ഫെബ്രുവരി പതിനഞ്ചാം തീയതി ഞായറാഴ്ച 12 മണിയോടുകൂടി സെമിനാരിയുടെ അയൽവാസികളായ കുടുംബങ്ങളുമായുള്ള ഒരു യോഗം സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. ബഹു. സെബാസ്റ്റ്യൻ ചാലക്കലച്ചൻ യോഗത്തിലേക്ക് കടന്നുവന്നവരെ സെമിനാരിയിലേക്ക് സ്വാഗതം ചെയ്തു സംസാരിച്ചു. ബഹു. ജിക്സൺ താഴത്തച്ചൻ ആശംസകൾ നേർന്നു. തുടർന്ന് സ്നേഹവിരുന്നോടുകൂടെ യോഗം അവസാനിച്ചു.

**വിഭൂതി തിരുനാൾ**

ഫെബ്രുവരി പതിനാറാം തീയതി തിങ്കളാഴ്ച വിഭൂതിതിരുനാൾ

സെമിനാരിയിൽ ആചരിച്ചു. അന്നേദിവസത്തെ വിശുദ്ധ കുർബാനയ്ക്ക് ബഹു. പോൾ പുളിക്കനച്ചൻ കാർമികനായി. ബഹു. സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ സഹകാർമികത്വം വഹിച്ചുകൊണ്ട് വചനസന്ദേശം നൽകി.

**അഭിവന്ദ്യപിതാക്കന്മാരുടെ ഔദ്യോഗികസന്ദർശനം**

ഫെബ്രുവരി 17-ാം തീയതി വൈദികവിദ്യാർഥികളെ നേരിൽ കാണുന്നതിനും പൗരോഹിത്യപരിശീലനവുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയുന്നതിനുമായി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും സെമിനാരിയിലേക്ക് വരികയും എല്ലാ വൈദികവിദ്യാർഥികളെയും ബാച്ചടിസ്ഥാനത്തിൽ നേരിൽകണ്ട് സംസാരിക്കുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാർ സ്റ്റാഫംഗങ്ങളെയും വ്യക്തിപരമായി കാണുകയും വൈദികപരിശീലനത്തെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു.

**മാസധ്യാനം**

ഫെബ്രുവരി മാസത്തെ മാസ ധ്യാനം ഫെബ്രുവരി 20, 21 തീയതികളിൽ നടത്തപ്പെട്ടു ധ്യാനം നയിച്ചത് ബഹുമാനപ്പെട്ട ഡേവിസ് വിതയത്തിൽ OFM. Cap. അച്ചനാണ്.

**L'Œuvre d'Orient സംഘടനാ പ്രതിനിധികളുടെ സന്ദർശനം**

ഫെബ്രുവരി 26 തീയതി ഫ്രാൻസിൽ നിന്നുള്ള L'Œuvre d'Orient സംഘടനാപ്രതിനിധികളായ Mr. Dominique Bletry and Mrs. Isabelle Bletry എന്നിവർ സെമിനാരി സന്ദർശിക്കുകയും വൈദികവിദ്യാർഥികളെ അഭിസംബോധന ചെയ്യുകയും ചെയ്തു.

**Philosophy Comprehensive and Confession Faculty Examinations**

ഫെബ്രുവരി 27-ാം തീയതി മൂന്നാംവർഷ ദൈവശാസ്ത്രവിദ്യാർത്ഥികൾക്കായി confession faculty പരീക്ഷയും ഫെബ്രുവരി 28-ാം തീയതി അവസാനവർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായി Comprehensive പരീക്ഷയും നടത്തപ്പെട്ടു.

**Philosophy Section Feast**

മാർച്ച് 1 ഞായറാഴ്ച വൈകിട്ട് ഫിലോസഫി സെക്ഷൻ ഫീസ്റ്റ് ആഘോഷിക്കപ്പെട്ടു. ബഹുമാനപ്പെട്ട സിബി ചെറുതോട്ടിലച്ചൻ പ്രാർത്ഥനാശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**യാത്രയയപ്പ്**

ഏഴുവർഷങ്ങൾ മേരിമാത സെമിനാരിയിൽ ശുശ്രൂഷ നിർവഹിച്ച ബഹുമാനപ്പെട്ട സിബി ചെറുതോട്ടിലച്ചന് മാർച്ച് മൂന്നാം തീയതി വൈകിട്ട് യാത്രയയപ്പ് നൽകി. അന്നേ ദിവസം

അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയിൽ ബഹു സിബി ചെറുതോട്ടിലച്ചൻ മുഖ്യകാർമികനായി. മോൺ. ജെയ്സൺ കൂനം പ്ലാക്കലച്ചനും ബഹു. സെബാസ്റ്റ്യൻ ചാലക്കലച്ചനും സഹകാർമ്മികരായി. സെമിനാരിയിലെ മറ്റു വൈദികരും വൈ ദിക വിദ്യാർഥികളും അച്ചനിലൂടെ സെമിനാരികുടുംബത്തിന് ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെ ഓർത്ത് കൃത ജ്ഞതയോടെ വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു വിശുദ്ധ കുർബാനയ്ക്കുശേഷം യാത്രയയപ്പ് യോഗം നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ റെക്ടർ ബഹു. സെബാസ്റ്റ്യനച്ചൻ എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. സെമിനാരിയുടെ ചെയർമാൻ അഭിവന്ദ്യ മാർആൻഡ്രൂസ് പിതാവ് ആശംസകൾ നേർന്നു സംസാ രിച്ചു. വൈദികരുടെ പ്രതിനിധിയായി ബഹുമാനപ്പെട്ട മരിയദാസ് അച്ചനും വൈദികവിദ്യാർഥികളുടെ പ്രതിനിധിയായി ബ്ര. റോഷനും ആശംസകൾ നേർന്നു സംസാരിച്ചു. സെമിനാരിയിലെ അനുഭവങ്ങളും ഓർമ്മകളും പങ്കുവെച്ച് സിബിയച്ചൻ മറുപടി പറഞ്ഞു. സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Patron Membership

ശ്രീ. ലില്ലിദേവസ്സി, പാണ്ട്യമാക്കൽ ഹൗസ്, വെട്ടുകാട്.

Individual Benefactor Membership

1. ശ്രീ. ലതാ ജോസ്, W/o ജോസ്, കാട്ടൂക്കാരൻ ഹൗസ്, ഒല്ലൂർ പി. ഒ. 680 306.
2. മാതൃവേദി, സേക്രട്ട് ഹാർട്ട് ചർച്ച് ചെമ്പൂക്കാവ്, തൃശൂർ.

**ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**അവധിക്കാലം**

മൈനർ സെമിനാരിയിൽ ഒന്നാം വർഷക്കാരുടെ അവധിക്കാലം മാർച്ച് 15 മുതൽ ആരംഭിച്ചു. +1 വിദ്യാർഥികൾക്ക് അവരുടെ പരീക്ഷകൾക്ക്ശേഷം മാർച്ച് 25 മുതലും +2 വിദ്യാർഥികൾക്ക് മാർച്ച് 28 മുതലും അവധി തുടങ്ങി.

**ഡീക്കൻ പട്ടവും ചെറുപട്ടങ്ങളും**

നമ്മുടെ അതിരൂപതയിലെ ദൈവശാസ്ത്ര വൈദികവിദ്യാർഥികൾ, മാർച്ച് മാസം 28 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ലൂർദ് കത്തീഡ്രലിൽ വെച്ച് ഡീക്കൻ പട്ടവും, ചെറുപട്ടങ്ങളും അഭിവന്ദ്യ ആൻഡ്രൂസ് പിതാവിൽ നിന്നും യഥാക്രമം സ്വീകരിച്ചു.

**ദൈവവിളി ക്യാമ്പുകൾ**

ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ സെന്റ്. മേരീസ് മൈനർ സെമിനാരിയിൽ വെച്ച്:

ഒന്നാം ബാച്ച്: 2026 ഏപ്രിൽ 6 മുതൽ ഏപ്രിൽ 7 വരെ

രണ്ടാം ബാച്ച്: ഏപ്രിൽ 8 മുതൽ ഏപ്രിൽ 9 വരെ

മൂന്നാം ബാച്ച്: ഏപ്രിൽ 10 മുതൽ ഏപ്രിൽ 11 വരെ.

ദൈവവിളികൾ കണ്ടെത്തി, കുട്ടികളെ അതതു ക്യാമ്പുകളിലേക്ക് ഒരുക്കി പറഞ്ഞയക്കണമെന്നു ബഹുമാനപ്പെട്ട വികാരിയച്ചൻമാരോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ദൈവദർശൻ ക്യാമ്പുകൾ**

ഇടവകകളിൽ കുട്ടികൾക്കായി നടത്തിവരുന്ന 'ദൈവദർശൻ' ക്യാമ്പുകൾ, മുൻകൂട്ടിയുള്ള ബുക്കിംഗ് അനുസരിച്ച്, ഏപ്രിൽ 6 മുതൽ മേയ് 2 വരെ, നമ്മുടെ അതിരൂപതയിലെ വൈദിക വിദ്യാർഥികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

**സെലെക്ഷൻ ക്യാമ്പ് 2026**

തൃശ്ശൂർ അതിരൂപതയിലേക്കുള്ള സെമിനാരിക്കാരാകാൻ ആഗ്രഹിക്കുന്നവർക്കുള്ള സെലക്ഷൻ ക്യാമ്പ് ഏപ്രിൽ 21 മുതൽ 24വരെ മൈനർ സെമിനാരിയിൽവെച്ച് നടത്തപ്പെടുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ:**

1. ബഹുമാനപ്പെട്ട വികാരി & ഇടവകാംഗങ്ങൾ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, മരോട്ടിച്ചാൽ.
2. ഡോ. റോസ്മേരി പി. കള്ളിയത്ത്, ഒല്ലൂർ.
3. നസ്രത്ത് കുടുംബ കൂട്ടായ്മ, സെന്റ് ജോസഫ്സ് ചർച്ച്, കുരിയച്ചിറ
4. പള്ളിക്കുന്നത്ത് പൊറിഞ്ചു ആൻറണി & മറിയാമ്മ, പള്ളിക്കുന്നത്ത് ഹൗസ്, കണ്ടശാംകടവ്
5. ശ്രീമതി ആഗ്നസ്, C/o ഫാ. ജോയ് പുത്തൂർ, തൃശ്ശൂർ
6. ശ്രീമതി മോനിക്ക ചിയ, C/o ഫാ. മേജോ മരോട്ടിക്കൽ, സിംഗപ്പൂർ.
7. ശ്രീ. കെ. എ. വർഗീസ് & ഫാമിലി, മുംബൈ.
8. പ്രസിഡന്റ്, മാതൃവേദി, സേക്രഡ് ഹാർട്ട് ചർച്ച്, ചെമ്പൂക്കാവ്
9. ശ്രീമതി സോണിയ വിൻസെന്റ്, കണ്ണാത്ത് ഹൌസ്, തൃശ്ശൂർ.

എല്ലാ ഉപകാരികളോടും ഹൃദയം നിറഞ്ഞ നന്ദി. ദൈവത്തിന്റെ കരുണ എന്നും അനുഗമിക്കട്ടെ.

**ഫാ. ജോയ് പുത്തൂർ**
റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

എല്ലാവർക്കും സുഖമാണോ? പരീക്ഷകളുടെയും പഠനത്തിരക്കുകളുടെയും ഒരു ലോകത്തുനിന്ന് മാറി ശാന്തമായി ഇരിക്കാനുള്ള ഒരു വേനൽ അവധി കാലത്തിലേക്ക് നമ്മൾ പ്രവേശിച്ചതിന്റെ ആനന്ദം നിങ്ങൾക്ക് എല്ലാവർക്കും ഉണ്ട് എന്നതിൽ എനിക്ക് ഒത്തിരിയേറെ സന്തോഷമുണ്ട്. ഓരോ അവധിക്കാലങ്ങളും വിശ്രമത്തിന്റെ ദിനങ്ങൾ എന്നതിനപ്പുറത്തേക്ക് നമ്മളെ തന്നെ ഒന്ന് പരിശീലിപ്പിക്കാനും വിശ്രമത്തിലൂടെ കൂടുതൽ ശക്തിസംഭരിക്കാനും കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും നമ്മുടെ കഴിവുകളെ വളർത്തിയെടുക്കാനുമുള്ള സുവർണാവസരമായി നാം കാണണം. അപ്പോഴാണ് ഓരോ അവധിക്കാലങ്ങളും ഓരോ പുതിയ

അനുഭവങ്ങളും പാഠങ്ങളും നമുക്ക് സമ്മാനിക്കുന്നത്. അങ്ങനെയാണെങ്കിൽ അവധിക്കാലങ്ങൾ നമ്മുടെ ജീവിതത്തിൽ എത്രയേറെ പ്രാധാന്യം അർഹിക്കുന്നുണ്ടെന്ന് മനസിലാക്കുന്നത് വളരെ നല്ലതാണ്.

അവധിക്കാലങ്ങൾ നമ്മുടെ വ്യക്തിത്വ രൂപീകരണത്തിനുള്ള നാളുകളാണ്. പുസ്തകങ്ങളിൽ നിന്ന് ലഭിക്കാത്ത പല കാര്യങ്ങളും ജീവിതത്തിൽ നിന്ന് പഠിക്കാനുള്ള സമയമാണ്. നമ്മുടെ കഴിവുകളെ കണ്ടെത്താനും അവയെ വളർത്താനും ഈ അവധിക്കാലത്തിൽ നമുക്ക് പരിശ്രമിക്കാം. ദൈവം നമ്മുക്കായി കരുതിയ എല്ലാ ദാനങ്ങളും താലന്തുകളും കണ്ടെത്തി അവയെല്ലാം ദൈവ മഹത്വത്തിനായി വിനിയോഗിക്കാൻ നമുക്ക് സാധിക്കുമ്പോഴാണ് നാം ഈശോക്ക് പ്രിയപ്പെട്ട മക്കളായി വളരുന്നത്. 'ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ'(1 പത്രോസ് 4:10).

കഴിഞ്ഞ മാസത്തിൽ ട്വന്റി ട്വന്റി ക്രിക്കറ്റ് ലോകകപ്പ് മത്സരങ്ങളെല്ലാം ഒരുപക്ഷേ നമ്മൾ കണ്ടിട്ടുണ്ടാകും അല്ലേ? നമ്മുടെ ഇന്ത്യക്കായി കളിച്ച സഞ്ജു സാംസണെ എല്ലാവരും വാനോളം പുകഴ്ത്തിയതും പ്രശംസിച്ചതും നമ്മൾ മാധ്യമങ്ങളിലൂടെ അറിഞ്ഞു. സഞ്ജു സാംസണെ അത്തരത്തിൽ നല്ല ഒരു പ്ലെയർ ആക്കിയത് അദ്ദേഹത്തിന്റെ കഴിവ് മാത്രമല്ല മറിച്ച് അടിയുറച്ച ദൈവ വിശ്വാസവും ദൈവാശ്രയ ബോധവുമാണ്. പ്രിയ കൂട്ടുകാരെ, ഈ വെക്കേഷൻകാലത്തിൽ നമുക്കും ഈശോയിൽ ആശ്രയിച്ചും വിശ്വസിച്ചും പുണ്യപ്രവർത്തികൾ ചെയ്തും നമ്മുടെ കഴിവുകൾ വളർത്തിയെടുക്കാനും ഭാവിയിൽ അതെല്ലാം നമ്മുടെ സമൂഹത്തിന്റെയും കുടുംബത്തിന്റെയും അതിരൂപതയുടെയും നാടിന്റെയും നന്മക്കായി പരിണമിപ്പിക്കാനും പരിശ്രമിക്കാം. ഈ വെക്കേഷൻ കാലത്തിൽ എന്നും വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും ദൈവദർശൻ ക്യാമ്പുകളിലും ദൈവവിളി ക്യാമ്പുകളിലും പങ്കെടുത്ത് യഥാർത്ഥ ദിശാബോധമുള്ള മക്കളായി വളരാൻ പരിശ്രമിക്കണം. ഈ വർഷത്തെ ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ തൃശൂർ അതിരൂപത മൈനർ സെമിനാരിയിൽ വച്ച് ഏപ്രിൽ ആറാം തീയതി മുതൽ പതിനൊന്നാം തീയതി വരെയും പെൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ ഏപ്രിൽ മാസം പതിനൊന്നാം തീയതി ലൂർദ് പള്ളിയിലുമാണ് നടക്കുക. ഈ ദിവസങ്ങളിൽ പ്രാർത്ഥിച്ചും ഒരുങ്ങിയും നമ്മുടെ ജീവിതത്തെക്കുറിച്ച് ഈശോയോട് ആരാഞ്ഞും ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ നാം പരിശ്രമിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവ

ശ്യമായി മാറിയിട്ടുണ്ട്. ആയതിനാൽ വെക്കേഷൻ കാലം വൊക്കേഷൻ കാലം കൂടിയാണ് എന്ന് തിരിച്ചറിയാനായിട്ട് നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. ഈശോക്ക് നമ്മെ കുറിച്ചുള്ള പദ്ധതി എന്താണെന്ന് തിരിച്ചറിയുമ്പോഴാണ് നാം യഥാർത്ഥത്തിൽ ആരാണ് എന്നും എന്താണ് നമ്മുടെ ജീവിതലക്ഷ്യമെന്നും മനസി ലാക്കാനായി നമ്മുക്ക് സാധിക്കുക (ജെറമിയ 29 :11). ഈശോക്കും ഈശോയുടെ സുവിശേഷത്തിനും സാക്ഷ്യം വഹി ച്ചുകൊണ്ട് സ്വർഗം സ്വന്തമാക്കാനും നമ്മുടെ മാതാപിതാക്കളെയും കൂട്ടുകാരെയും സഹോദരങ്ങളെയും ഈശോക്കായി നേടാനും അതിലൂടെ നമുക്ക് സാധിക്കും. മാമോദീസ സ്വീകരിച്ച നമ്മൾ എല്ലാവരും ദൈവവിളി സ്വീകരിച്ചവരാണ്. ആത്യന്തികമാ യി എല്ലാ ജീവിതാന്തസുകളും ദൈവത്തിന്റെ പ്രേത്യേക വിളിക ളാണ്. അതുകൊണ്ട് തന്നെ നമ്മൾ എല്ലാവരും ദൈവവിളി സ്വീക രിച്ചവരാണെന്നുള്ള തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ഈ വെക്കേഷൻ കാലം നമ്മുടെ വൊക്കേഷൻ കണ്ടെത്താൻ കൂടി നമുക്ക് വിനിയോഗിക്കാം. എന്റെ ഇഷ്ടങ്ങളും ഈശോയുടെ ഇഷ്ട ങ്ങളും ഒന്നാകുന്നിടത്താണ് നമ്മുടെ ദൈവവിളി കണ്ടെത്താൻ നമുക്ക് കഴിയുകയുള്ളു. അതിനായി നമുക്ക് പ്രാർത്ഥിച്ചു ഒരുങ്ങാം.

ഈ അവധിക്കാലത്തിലാണല്ലോ നാം ഈസ്റ്റർ ആഘോഷി ക്കുന്നതും. ഈ തിരുനാൾ നമുക്ക് നൽകുന്ന ഏറ്റവും വലിയ സന്ദേശം അത് പ്രത്യാശയുടേതാണ്. ഇരുട്ടിന്മേൽ വെളിച്ചവും, തിന്മക്കുമേൽ നന്മയും വിജയം വരിച്ചതിന്റെ ഓർമയാണ് ഈ തിരു നാൾ. ഈശോയുടെ ഉയിർപ്പ് നമ്മെ പഠിപ്പിക്കുന്നത് ജീവിതത്തിൽ എന്തൊക്കെ ബുദ്ധിമുട്ടുകൾ ഉണ്ടായാലും അതിനെയെല്ലാം മറിക ടന്നു പുതിയൊരു ജീവിതത്തിലേക്ക് ഉയിർക്കാനുള്ള കൃപ ഈശോ നമുക്ക് പ്രധാനം ചെയ്തിട്ടുണ്ട് എന്ന് തന്നെയാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലും നവ സ്വപ്നങ്ങൾ ഉണ്ടാകട്ടെ, നല്ല പ്രതീക്ഷകളോടെ ആഴമേറിയ വിശ്വാസത്തോടെ ആത്മാർത്ഥ മായ സ്നേഹത്തോടെ ഈ ലോകത്തെ ഈശോക്കായി നേടാൻ നിങ്ങൾക്ക് എല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥി ക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ഈശോയിൽ നിങ്ങളുടെ സ്വന്തം വത്സലപിതാവ്,

**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

## വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

### I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

### 1. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്

വിശ്വാസപരിശീലകരുടെ സംവാദസദസ്സ് വിവിധ ഇടവകകളിൽ നടന്നു കൊണ്ടിരിക്കുന്നു. 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തൃശ്ശൂർ ഡോളോഴ്സ്, തൃശ്ശൂർ ലൂർദ്ദ് എന്നീ ഫൊറോനകളിലാണ് സംവാദസദസ്സ് നടക്കുന്നത്. മൊബൈൽ നമ്പർ: 9400791384.

ഡയറക്ടർ സന്ദർശിച്ച (2026 ഫെബ്രുവരി 16 മുതൽ മാർച്ച് 16 വരെ) യൂണിറ്റുകൾ: ഭരത, ചാഴൂർ, തൃക്കൂർ, ആമ്പക്കാട്, ആളൂർ, ആളൂർ ഈസ്റ്റ്, അരണാട്ടുകര, അയ്യന്തോൾ, ചേറ്റുപുഴ, എൽതുരുത്ത്, കണ്ണംകുളങ്ങര, കുരിയച്ചിറ, ഒളരിക്കര, നെഹ്റുനഗർ, നിർമ്മല പുരം, വെസ്റ്റ്ഫോർട്ട്. നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

### II. അറിയിപ്പുകൾ

### 1. പ്രതിഭാപരിശീലന ക്യാമ്പ് - 7-ാം ക്ലാസ്സ്കാർക്ക്.

തിയതികൾ: ഏപ്രിൽ 7, 8.

യൂണിറ്റുകളിൽ നിന്നും ഫോം മുഖേന തിരഞ്ഞെടുക്കപ്പെട്ട 7-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഡി.ബി.സി.എൽ.സി.യിൽ ക്യാമ്പ് നടക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെ നിർബന്ധമായും അധികൃതർ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്.

### 2. Std. XII, ACC വാർഷിക പരീക്ഷാഫലം

Std. XII & ACC പരീക്ഷാഫലം ഏപ്രിൽ 11 ന് അതിരൂപതാ വിശ്വാസ പരിശീലന സോഫ്റ്റ് വെയറിലും Blog-ലും പ്രസിദ്ധീകരിക്കുന്നതാണ്. Blog Address: http://catechismtrichur.blogspot.in

### 3. Std. XII & ACC ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം

പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 21 ആണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

### 4. Scholarship Examiation - Std. IV, VII, X

Date: April 18 Saturday

Scholarship Examiation Centre - DBCLC

Time : 10 am - 12 noon

4, 7, 10 ക്ലാസ്സുകാർക്കാണ് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കുക. സ്കോളർഷിപ്പിനുള്ള കുട്ടികളെ ഒരുക്കിവിടേണ്ടതാണ്. ഹാൾ ടിക്കറ്റ് സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത് ആവശ്യമായ ഒപ്പുകൾ സഹിതം കുട്ടികളുടെ കൈവശം കൊടുത്തയക്കേണ്ടതാണ്.

**5. ബേസിക് സി. ടി. സി.**

2nd Batch 2026 April 17 19 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ കാലത്ത് 10.30 ന് അവസാനിക്കുന്നു.

3rd Batch 2026 April 24 to 26 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു.

കോഴ്സ് നടക്കുന്ന സ്ഥലം: DBCLC, കോഴ്സ് ഫീസ് 400 രൂപ.

**6. Advanced C T C**

2026 മെയ് 8 10 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ കാലത്ത് 10.30 ന് അവസാനിക്കുന്നു. ഒരു ബാച്ച് മാത്രം. ബേസിക് സി ടി സി യിൽ പങ്കെടുത്ത് 10 വർഷമെങ്കിലും കഴിഞ്ഞവരാണ് ഈ കോഴ്സിൽ പങ്കെടുക്കേണ്ടത്. കോഴ്സ് നടക്കുന്ന സ്ഥലം: D B C L C, കോഴ്സ് ഫീസ് 400 രൂപ.

**7. എ.സി. സി, പ്ലസ് ടു പുനഃപരീക്ഷ, ഇംപ്രൂവ്മെന്റ് പരീക്ഷ**

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ റിസൽറ്റ് വന്നതിനുശേഷം വിശ്വാസപരിശീലന കേന്ദ്രത്തിൽ വന്ന് ചെയ്യേണ്ടതാണ്. രജിസ്ട്രേഷനുള്ള ഫോം വാട്സാപ്പിലൂടെ അയച്ചുതരുന്നതാണ്. രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയതി ഏപ്രിൽ 21, രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ. (സോഫ്റ്റ്വെയർ രജിസ്ട്രേഷൻ ഇല്ല)

| | |
|---|---|
| പരീക്ഷാ തിയതി | : ഏപ്രിൽ 25 ശനിയാഴ്ച്ച |
| പരീക്ഷാകേന്ദ്രം | : ഡിബിസിഎൽസി |
| സമയം | : 12-ാം ക്ലാസ്സ് രാവിലെ 10 മുതൽ 12 വരെ |
| | : എ.സി.സി. രാവിലെ 10 മുതൽ 1 വരെ. |

**8. ഇടവക സ്റ്റാഫ് കൗൺസിൽ : മെയ് 03 ഞായർ**

ഇടവക തലത്തിൽ സ്റ്റാഫ് കൗൺസിൽ കൂടുകയും അടുത്ത അക്കാദമിക് വർഷത്തിലേക്കുള്ള ഒരുക്കങ്ങൾ നടത്തുകയും (സ്റ്റാഫ്

നിയമനം, മിനിസ്ട്രികളുടെ ചുമതല, ക്ലാസ്സ് ചാർജ്, പുതിയ അധ്യയന വർഷത്തേക്കുള്ള വാർഷിക പ്രോഗ്രാം തയ്യാറാക്കൽ, ....) വാങ്ങേണ്ട പാഠപുസ്തകങ്ങളുടെ കണക്കെടുപ്പ് നടത്തുകയും ചെയ്യേണ്ടതാണ്.

**9. സെക്രട്ടറി ഏകദിന കോൺഫറൻസ്: മെയ് 10 ഞായർ**

ഡി ബി സി എൽ സി യിൽ; സമയം 9.30 PM മുതൽ 4.30 PMവരെ. എല്ലാ സെക്രട്ടറിമാരും, ഈ വർഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ടവരും ഈ കോൺഫറൻസിൽ പങ്കെടുക്കേണ്ടതാണ്.

**10. പ്രിൻസിപ്പൽ ഏകദിന കോൺഫറൻസ്: മെയ് 17 ഞായർ**

ഡി ബി സി എൽ സി യിൽ; സമയം 9.30 PM മുതൽ 4.30 PMവരെ. എല്ലാ പ്രിൻസിപ്പൽമാരും, ഈ വർഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ടവരും ഈ കോൺഫറൻസിൽ പങ്കെടുക്കേണ്ടതാണ്.

**11. ഫൊറോന അർദ്ധദിന സെമിനാർ : മെയ് 24 ഞായർ**

ഫൊറോന പ്രമോട്ടേഴ്സ് നിശ്ചയിക്കുന്ന യൂണിറ്റുകളിൽ; സമയം 1.30 PM മുതൽ 5.00 PMവരെ. എല്ലാ വിശ്വാസപരിശീലകരും ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

**12. സോഫ്റ്റ്‌വെയർ ഇൻചാർജ് ഏകദിന മീറ്റിംഗ്: മെയ് 31 ഞായർ**

ഡി ബി സി എൽ സി യിൽ; സമയം 9.30 PM മുതൽ 4.30 PMവരെ. എല്ലാ സോഫ്റ്റ്‌വെയർ ഇൻചാർജ്മാരും, ഈ വർഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ടവരും ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**13. പുതിയ വിശ്വാസപരിശീലന വർഷം ഉദ്ഘാടനം: മെയ് 31 ഞായർ**

ഡി ബി സി എൽ സി യിൽ; സമയം 3.30 PM. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

**14. പാഠപുസ്തകങ്ങൾ 2026 – 27 വിശ്വാസപരിശീലനവർഷം**

പ്രധാനപാഠപുസ്തകങ്ങൾക്കൊന്നും ഈ വർഷം മാറ്റമില്ല.

മാറ്റമുള്ളവ ക്ലാസ്സ് 5, 6, 7 ഉപപാഠ പുസ്തകം, ബൈബിൾ പഠനസഹായി

5, 6, 7 ക്ലാസ്സുകളിലെ ഉപപാഠപുസ്തകവും ബൈബിൾ പഠനസഹായിയും മാറ്റി പുതിയ ഒരു പുസ്തകം തയ്യാറാകുന്നു.

ACC-–ക്ക് രണ്ടാത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. പുസ്തകങ്ങൾക്കായുള്ള ഓർഡർ മെയ് മാസത്തിൽ തന്നെ തന്ന് സഹകരിക്കുക.

III. **നന്ദി.**

1. Std. XII, ACC മൂല്യനിർണ്ണയ ക്യാമ്പ് മാർച്ച് 01, 08, 15 എന്നീ തിയതികളിലായി നടന്നു. മൂല്യനിർണ്ണയക്യാമ്പിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും അവരെ പറഞ്ഞയച്ച ഇടവക വികാരിക്കും പ്രിൻസിപ്പൽമാർക്കും ഒത്തിരി നന്ദി.

**ഫാ. സൈജോ തൈക്കാട്ടിൽ,** ഡയറക്ടർ
**ഫാ. ഫ്രാൻസോ തെക്കത്ത്,** അസി. ഡയറക്ടർ

# എക്സൽ അക്കാദമി

K-TET **(കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്)**

K-TET പരിശീലനത്തിനു വേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങ് ബാച്ചുകൾ ഈ വരുന്ന ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്നു. കേരളത്തിലെ സ്കൂളുകളിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ലാംഗ്വേജ് ക്ലാസുകളിലേക്ക് അധ്യാപകരെ നിയമിക്കുന്നതിനായി കേരള പരീക്ഷാഭവൻ നടത്തുന്ന നിർബന്ധിത സംസ്ഥാനതല പരീക്ഷയാണ് K-TET. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ആവശ്യമായ ഗുണനിലവാരം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന് വേണ്ടി കേരള പരീക്ഷാഭവൻ വർഷത്തിൽ രണ്ടുതവണ (സാധാരണയായി ഫെബ്രുവരി/ജൂൺ മാസങ്ങളിൽ) ഈ പരീക്ഷ നടത്തുന്നു.

ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും രാവിലെ 10.30 മുതൽ ഉച്ചതിരിഞ്ഞ് 4 വരെ ഓഫ്ലൈൻ ക്ലാസ്സുകൾ. കൂടാതെ തിങ്കൾ മുതൽ വെള്ളിവരെ വൈകുന്നേരം 7 മുതൽ 8.30 വരെ ഓൺലൈൻ ക്ലാസ്സുകളും.

കൂടുതൽ വിവരങ്ങൾക്കും ഫീസ് നിരക്കുകൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി എക്സൽ അക്കാദമി

ഓഫീസുമായി ബന്ധപ്പെടുക.

**Civil service courses (സിവിൽ സർവീസ് കോഴ്സ്)**

സിവിൽ സർവീസ് കോച്ചിംഗ് ഡെയിലി ആൻഡ് വീക്കെൻഡ് ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെ ഡെയിലി ബാച്ചുകളും ശനി ഞായർ വീക്കെൻഡ് ബാച്ചുകളും ജൂൺ മാസത്തിൽ ആരംഭിക്കുന്നു. ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്കും, പിജി വിദ്യാർത്ഥികൾക്കും അഡ്മിഷൻ എടുക്കാവുന്നതാണ്.

പ്രധാനമായും നാല് വർഷത്തെ ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷയ്ക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തിയാക്കുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ അക്കാഡമി ഓഫീസിൽ ബന്ധപ്പെടുക. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ അഭ്യർത്ഥന പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് ഭാഗികമായ ഇളവ് നൽകുന്നതാണ്. താല്പര്യമുള്ളവർ രജിസ്ട്രേഷനായി ജൂൺ 10 നകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക

**Excel Foundation Course**

അതിരൂപതയിലെ 9, 10, 11, 12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന്/ ഉയർന്ന പരീക്ഷകൾക്ക് അടിസ്ഥാനമിടുക എന്നാണ് ഈ കോഴ്സിന്റെ ഉദ്ദേശം. ഒരു വർഷത്തെ തുടർ പഠന പരിപാടി (ഫൗണ്ടേഷൻ കോഴ്സ്) എക്സൽ അക്കാദമിയിൽ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. അതിന് ഒരുക്കമായി അഭിരുചി പരീക്ഷ നടത്തുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ടോ മൊബൈൽ ഫോൺ വഴിയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 100 പേർക്ക് പരിശീലനം നൽകുന്നു. വാർഷിക ഫീസ് 5000 രൂപ. ബഹു.വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 10-4 വരെ ഡി. ബി. സി. എൽ. സി.യിലാണ് ക്ലാസുകൾ. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജന പ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ.

എക്സൽ അക്കാദമിയുടെ ഒരു സവിശേഷത എല്ലാ കോഴ്സുകൾക്കും വളരെ പരിയചയ സമ്പത്തുള്ള, സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും സിവിൽ സർവ്വീസിൽ നിന്നും വിരമിച്ച വിദഗ്ദരാണ് ക്ളാസ്സുകൾ നയിക്കുക

**ഡോ. മാണി കെ. പീറ്റർ** — അക്കാദമിക് ഹെഡ്

**ഫാ. സൈജോ തൈക്കാട്ടിൽ** — ഡയറക്ടർ

Contact:

**Excel Academy: 9744941585**

Prof. Dr. Mani K Peter- Academic Head: 9847235070

Ashik Thomas - Administrative & Technical Support: 7907326322

# INSTITUTE OF THEOLOGY

**TRICHUR D B C L C**

**(Phone : 0487- 2333245, Mob : 9188131341)**

കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം (CCC) എന്ന വിഷയത്തെ കുറിച്ച് പുതിയൊരു Certificate Course മാർച്ച് 08 ആരംഭിച്ചു. ബഹു. ഡോ. സൈജോ തൈക്കാട്ടിൽ കോഴ്സ് ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു. കോഴ്സിൽ 60 ഓളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

**1. കോഴ്സ്സുകൾ**

**a. B.A. in Theology and Religious Studies (Three Years)**

രണ്ടാം സെമസ്റ്ററിലെ Theology of Revelation and Faith (Rev. Dr. Nyson Alanthanath), Biblical Greek (Rev. Fr. Francis Koothur), Role of the Laity in Pastoral Work in the Indian Context (Rev. Fr. Trejin Thattil) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**b. Certificate Course in Theology (One Year)**

മാർച്ച് 01, 15, 29 തിയ്യതികളിൽ പൗരസ്ത്യസഭയുടെ കാനോന സംഹിത (Rev. Dr. Shijo Chriyankkandath), സ്നേഹത്തിന്റെ കൂദാശ (Rev. Fr. Bastian Punnoliparambil), യുഗാന്ത്യ ദൈവശാസ്ത്രം (Rev. Dr. Sebastian chalickal), എന്നീ വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**c. Certificate Course on Sacred Liturgy**

മാർച്ച് 01, 15, 29 തിയ്യതികളിൽ വിശുദ്ധ കുർബാനയോടുള്ള ഭക്തിയും ആത്മീയതയും (Rev. Dr. Sebastian Chalackal), വിശുദ്ധ കുർബാന: കൂദാശകളുടെ കൂദാശ (Rev. Dr. Alio Karekattil), ലാറ്റിൻ കുർബാനയുടെ ഘടനയും ദൈവശാസ്ത്രം (Rev. Dr. Xavier Christi OFM Cap) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**d. Certificate Course on the Life in Holy Spirit**

മാർച്ച് 01, 15, 29 തിയ്യതികളിൽ പരിശുദ്ധാത്മാവ് പൗരസ്ത്യ സഭാപിതാക്കൻമാരുടെ പ്രബോധനങ്ങളിൽ II (Rev. Dr. Xavier Christi OFM.Cap), പരിശുദ്ധാത്മാവും ആരാധനാക്രമവും (Rev. Dr. Xavier Christi OFM.Cap), പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ I (Rev. Fr. Trejin Thattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**f. Catechism of the Catholic Church (CCC)**

മാർച്ച് മാസത്തിൽ God's Revelation & Our Response in Faith (Rev. Dr. Sajan Pindiyan) The Trinity, Creation, & The Fall Of Man (Rev. Dr. Lijo Chalissery) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**g. Certificate Course on Guidance and Counselling**

മാർച്ച് 08, 29 തിയ്യതികളിൽ Counselling skills & Tech (Rev. Dr. Alex Marottickal), Family Dynamics & Counselling (Rev. Dr. Joby Kadappuran) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**2. ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്ന പുതിയ കോഴ്സ്സ്**

b. കൂദാശകളും കൂദാശാനുകരണങ്ങളും

- ആറ് മാസത്തെ കോഴ്സ്
- ഏപ്രിൽ മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു.
- 12 വിഷയങ്ങൾ ബോധന മാധ്യമം – മലയാളം
- ക്ലാസ്സുകൾ മാസത്തിൽ രണ്ടും നാലും ഞായറാഴ്ചകളിൽ
- യോഗ്യത: എസ്. എസ്. എൽ. സി. യോ അതിനു മുകളിലോ
- വിശ്വാസപരിശീലകരെയും വിശ്വാസവിഷയങ്ങൾ അറിയപ്പെടാനാഗ്രഹിക്കുന്നവരെയും പ്രത്യേകം ക്ഷണിക്കുന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**

ഡയറക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

## ഹെൽത്ത് കെയർ അവാർഡുകൾ  ജൂബിലി മിഷൻ ഹോസ്പിറ്റലിന്

2026 ലെ ധനം ഹെൽത്ത് കെയർ അവാർഡുകൾ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി നേടി. കേരളത്തിലെ മികച്ച കാർഡിയോളജി ആശുപത്രിയും എമർജൻസി ആന്റ് ക്രിട്ടിക്കൽ കെയർ ആശുപത്രിയുമായി ജൂബിലി മിഷൻ ആശുപത്രിയെ തിരഞ്ഞെടുത്തു. കാർഡിയോളജി വിഭാഗത്തിന്റെ സമഗ്ര സേവനങ്ങളും അത്യാധുനിക ചികിത്സാ സംവിധാനങ്ങളും അടിയന്തര-ഗുരുതരാവസ്ഥ ചികിത്സയിൽ സ്ഥാപനം കൈവരിച്ച മികവും പരിഗണിച്ചാണ് പുരസ്ക്കാരങ്ങൾ സമ്മാനിച്ചത്. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, എമർജൻസി വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി, കാർഡിയോളജി വിഭാഗം മേധാവി ഡോ. പ്രസന്ന കുമാർ എന്നിവർ ചേർന്ന് അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഓഫ് ഇന്ത്യ ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഗ്യാനിയിൽ നിന്ന് ഏറ്റുവാങ്ങി. ഈ നേട്ടം സ്ഥാപന നേതൃത്വത്തിന്റെ ദീർഘദർശനവും സമർപ്പിതരായ ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമാണെന്നും ഫാ. റെന്നി മുണ്ടൻകുരിയൻ അഭിപ്രായപ്പെട്ടു.  കേരളത്തിലെ ഹൃദ്രോഗ ചികിത്സയുടേയും എമർജൻസി-ക്രിട്ടിക്കൽ കെയർ സേവനങ്ങളുടേയും മേഖലയിൽ ജൂബിലി മിഷന്റെ നേതൃസ്ഥാനം ഈ  ബഹുമതി വീണ്ടും ഉറപ്പിക്കുന്നു.

## സെന്റ് തോമസ് കോളേജിലെ അധ്യാപകർ ജൂബിലി സന്ദർശിച്ചു

സെന്റ് തോമസ് കോളേജിലെ അധ്യാപക സംഘം ജൂബിലി ഹോസ്പിറ്റൽ സന്ദർശിച്ചു. ജൂബിലി മിഷൻ ഹെൽത്ത് കെയർ ആന്റ് അക്കാദമിക് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. ചടങ്ങിൽ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, ഡോ. സി. ജൂഡി,  സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. മാർട്ടിൻ

കെ. എ., ഐ.ക്യു.എ.സി. കോർഡിനേറ്റർ ഡോ. ദിവ്യ എന്നിവർ പങ്കെടുത്തു.

**ജൂബിലി നേഴ്സിങ്ങ് ഹോസ്റ്റലിൽ പുതിയ ചാപ്പൽ**

നേഴ്സിങ്ങ് ഹോസ്റ്റലിൽ പുതിയതായി നിർമ്മിച്ച ചാപ്പലിന്റെ ആശീർവാദക്കർമ്മം തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. അസി. ഡയറക്ടർ ഫാ ജോയ്സൻ ചെറുവത്തൂർ ബൈബിൾ പ്രതിഷ്ഠ നടത്തി.

**നവജാതശിശു-പുനർജ്ജീവനവും അടിയന്തര ട്രോമ മാനേജ്മെന്റും- ശില്പശാല**

നേഴ്സിങ്ങ് കോളേജിന്റെ ആഭിമുഖ്യത്തിൽ നവജാതശിശു - പുനർജ്ജീവനവും അടിയന്തര ട്രോമ മാനേജ്മെന്റും എന്ന വിഷയങ്ങളെ ആസ്പദമാക്കിയുള്ള ശില്പശാല സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു.

**ഹൈ പ്രിസിഷൻ സർജിക്കൽ മൈക്രോസ്കോപ് സ്ഥാപിച്ചു**

അത്യാധുനിക സാങ്കേതികവിദ്യയോടുകൂടിയ ഹൈ പ്രിസിഷൻ സർജിക്കൽ മൈക്രോസ്കോപ് സ്ഥാപിച്ചു. സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് പുതിയ ഉപകരണം പ്രവർത്തനസജ്ജമാക്കിയത്. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ആശീർവാദ ചടങ്ങിന് നേതൃത്വം നൽകി. സർജിക്കൽ ഓങ്കോളജിസ്റ്റും സിനിമാ കലാകാരനുമായ ഡോ. ശ്രീകുമാർ പിള്ളയും, സീനിയർ സ്കൾ ബേസ് സർജനും സിനിമാ കലാകാരനുമായ ഡോ രാജേഷ് രാജ് ജോർജും ചേർന്ന് സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. ന്യൂറോസർജറി, ഇ.എൻ.ടി., ഓങ്കോളജി തുടങ്ങിയ വിഭാഗങ്ങളിലെ സൂക്ഷ്മ ശസ്ത്രക്രിയകൾ കൂടുതൽ കൃത്യതയോടെ സുരക്ഷിതമായി നിർവ്വഹിക്കാൻ ഈ മൈക്രോസ്കോപ് സഹായകരമാകും. രോഗികൾക്ക് മികച്ച ചികിത്സാഫലങ്ങളും കുറഞ്ഞ ശസ്ത്രക്രിയ അപകടസാധ്യതയും ഉറപ്പാക്കുന്നതിൽ പുതിയ ഉപകരണം നിർണായകമായി മാറും. 'സ്നേഹത്തോടെയുള്ള സേവനം' - എന്ന ദൗത്യവുമായി മുന്നേറുന്ന ജൂബിലി മിഷൻ ആധുനിക ചികിത്സാസൗകര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ പ്രതിബദ്ധമാണെന്ന് അധികൃതർ അറിയിച്ചു.

**ലോക കേൾവിദിനം ആചരിച്ചു**

ഇ.എൻ.ടി. വിഭാഗത്തിന്റെ നേതൃത്വത്തിൽ ലോക കേൾവിദിനം ആചരിച്ചു. 'സമൂഹത്തിൽ നിന്ന് ക്ലാസ് മുറികളിലേക്ക് - എല്ലാ കുട്ടികൾക്കും കേൾവി പരിചരണം' - എന്ന വിഷയത്തെ

ആസ്പദമാക്കി സംഘടിപ്പിച്ച പരിപാടി ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളിൽ കേൾവിക്കുറവിന്റെ ലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനായി സൗജന്യ ശ്രവണ പരിശോധന നടത്തി. കേൾവി സംരക്ഷണത്തെക്കുറിച്ചുള്ള ബോധ വത്ക്കരണം ക്ലാസ് മുറികളിൽ നിന്ന് സമൂഹത്തിലേക്ക് വ്യാപി പ്പിക്കണമെന്ന സന്ദേശമാണ് പരിപാടി മുഖ്യമായി ഉയർത്തി ക്കാട്ടിയത്.

**തൃശ്ശൂരിലെ ആദ്യത്തെ ജെറിയാട്രിക് മെമ്മറി ക്ലിനിക്കും ന വീകരിച്ച ജൂബിലി അറ്റ് ഹോം പദ്ധതിയും ഉദ്ഘാടനം ചെയ്തു**

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ ആദ്യത്തെ ജെറിയാട്രിക്ക് മെമ്മറി ക്ലിനിക്കും നവീകരിച്ച 'ജൂബിലി അറ്റ് ഹോം' (Home Care Project) പദ്ധതിയും പ്രവർത്തനമാരംഭിച്ചു. ചടങ്ങിൽ മണപ്പുറം ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി വി. പി നന്ദകുമാർ പദ്ധതികളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു.

ജൂബിലി മിഷൻ പേട്രനും ചെയർമാനും തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വാർദ്ധക്യസഹജമായ മറവിരോഗങ്ങൾക്കും മറ്റ് ആരോ ഗ്യപ്രശ്നങ്ങൾക്കും നൂതനമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാ ക്കുക എന്ന ലക്ഷ്യത്തോടെയാണ് മെമ്മറി ക്ലിനിക്ക് സജ്ജമാക്കി യിരിക്കുന്നത്. കൂടാതെ രോഗികൾക്ക് വീടുകളിൽതന്നെ വിദഗ്ധ ചികിത്സയും പരിചരണവും ഉറപ്പാക്കുന്ന 'ജൂബിലി അറ്റ് ഹോം' പദ്ധതി കൂടുതൽ വിപുലമായ സൗകര്യങ്ങളോടെ പുന രാരംഭിച്ചു.

**സി.എൻ.ജി.എ.ടി.യുടെ വാർഷിക കൂട്ടായ്മ ചൂണ്ടലിൽ**

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക്ക് നേഴ്സുമാരുടെ സംഘ ടനയായ സി.എൻ.ജി.എ.ടി.യുടെ നേതൃത്വത്തിൽ ചൂണ്ടൽ സെന്റ് ജോസഫ് ആശുപത്രിയിൽ നേഴ്സുമാരുടെ വാർഷിക കൂട്ടായ്മ സംഘടിപ്പിച്ചു. കർമ്മലീത്ത സന്യാസ സമൂഹത്തിന്റെ പ്രൊവിഷ്യൽ സുപ്പീരിയർ റവ. ഫാ. തങ്കച്ചൻ ഞാളിയത്ത് O.Carm., ഉദ്ഘാടനം ചെയ്തു. കരുണയുടെ കാവൽമാലാഖമാരായ മുന്നൂറോളം നേഴ്സുമാർ വാർഷിക കൂട്ടായ്മയിൽ പങ്കെടുത്തു.

**തൃശ്ശൂർ കോർപ്പറേഷനിൽ മെഡിക്കൽ ക്യാമ്പ്**

തൃശ്ശൂർ കോർപറേഷൻ പ്രവർത്തകർക്കായി ജൂബിലി മിഷൻ ആശുപത്രിയും തൃശ്ശൂർ കോർപ്പറേഷനും സംയുക്തമായി മെഡിക്കൽ

ക്യാമ്പ് സംഘടിപ്പിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. കമ്മ്യൂണിറ്റി മെഡിസിൻ, ഗൈന ക്കോളജി, പാത്തോളജി, ആയുർവ്വേദം എന്നീ വിഭാഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി. ഇരുനൂറോളം പേർ പങ്കെടുത്ത ക്യാമ്പിൽ ജീവി തശൈലി രോഗങ്ങൾ, ഗർഭാശയഗള ക്യാൻസർ, സ്തനാർബുദം മുതലായ അസുഖങ്ങൾക്കുള്ള സ്ക്രീനിങ്ങും ഡോക്ടർമാരുടെ വിദഗ്ധോപദേശവും നൽകി.

**ജൂബിലിയിൽ ഡോ. ഡി. എം വാസുദേവൻ എൻഡോവ്മെന്റ് ഒറേഷൻ**

എച്ച്.ഐ.വി. ബാധിതരിൽ പ്രതിരോധ സംവിധാനം അമിതമായി ഉത്തേജിപ്പിക്കപ്പെടുന്നതായും തുടർന്നുണ്ടാകുന്ന പ്രതിരോധകോ ശങ്ങളുടെ തളർച്ച രോഗമുക്തിയെ പ്രതികൂലമായി ബാധിക്കു ന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നതായും ഡോ. ദേഷ്‌രത്ന അസ്താന. ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഡോ. ഡി. എം. വാസുദേവൻ എന്റോവ്മെന്റ് ഒറേഷനിൽ എച്ച്. ഐ. വി. ബാധിതരിലെ ഇമ്മ്യൂൺ സജീവതയും പ്രതിരോധ തളർച്ചയും - എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമേ രിക്കയിലെ ഔഷധഗവേഷണ സ്ഥാപനമായ പയോജെനിക്സ് സി.ഇ.ഒ.യാണ്.

**അന്താരാഷ്ട്ര വനിതാദിനാഘോഷം :**

വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി സൗജന്യ ഗൈനക്കോ ളജി ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പ് നടത്തി. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഗൈനക്കോളജി വിഭാഗം സംഘടി പ്പിച്ച വനിതാദിനാഘോഷവും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കാ യുള്ള സൗജന്യ ഗൈനക്കോളജിക്കൽ കാൻസർ സ്ക്രീനിംഗ് ക്യാമ്പും നടന്നു. പരിപാടിയുടെ ഉദ്ഘാടനം തൃശ്ശൂർ സിറ്റി പോ ലീസ് കമ്മീഷണർ നകുൽ രാജേന്ദ്ര ദേശ്മുഖ് ഐ.പി.എസ്. നിർവ്വഹിച്ചു. വനിതാപോലീസ് ഉദ്യോഗസ്ഥർക്കായി സൗജന്യ ഗൈനക്കോളജി പരിശോധന, പാപ് സ്മിയർ ടെസ്റ്റ് അൾട്രാ സൗണ്ട് സ്കാൻ എന്നിവ ഉൾപ്പെടുന്ന കാൻസർ സ്ക്രീനിങ്ങ് ക്യാമ്പും സംഘടിപ്പിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- ആന്റണി വർഗ്ഗീസ്, ആട്ടോക്കാരൻ ഹൗസ്, പൊങ്ങണംകാട്, തൃശ്ശൂർ

- സെന്റ് ജോസഫ്സ് എൽ. പി. സ്കൂൾ, ചേരാനെല്ലൂർ, എറണാകുളം
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- സി.എൻ.ജി.എ.ടി., ജൂബിലി മിഷൻ യൂണിറ്റ്
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചെവ്വൂർ, തൃശ്ശൂർ
- പ്രൊഫ. കെ. പി. മാണി
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, ഈസ്റ്റേൺ ബസാർ, അരണാട്ടുകര, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- മെഡിക്കൽ ഐ.സി.യു., ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഡേവിസ് ചിറമ്മൽ, ഒല്ലൂർ
- കെ.സി.വൈ.എം., സ്നേഹപുരം ചർച്ച്
- ലിസ്സി ജോഷി, ചിറയത്ത് ഹൗസ്, പഴുവിൽ, തൃശ്ശൂർ
- ജിജി ഇ. എസ്, സ്റ്റാഫ് നേഴ്സ്, അയർലന്റ്
- രുഗ്മിണി

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1.കാലിക്കറ്റ് സർവകലാശാല സൈക്കിളിംഗിൽ ഇരട്ടകിരീടം**

ചാലക്കുടി എസ്. എച്ച് കോളേജിൽ നടന്ന കാലിക്കറ്റ് സർവകലാശാല സൈക്കിളിംഗ് മത്സരത്തിൽ പുരുഷവനിത വിഭാഗങ്ങളിൽ സെന്റ്. തോമസ് കോളേജ് ചാമ്പ്യന്മാരായി. പുരുഷ വിഭാഗത്തിൽ 54 പോയിന്റും, വനിത വിഭാഗത്തിൽ 43 പോയിന്റും നേടി കോളേജ് ഇരട്ടകിരീടം സ്വന്തമാക്കി.

**2. സെർട്ട്ടീസോൾ കോഴ്സ് ഉദ്ഘാടനം**

ട്രിനിറ്റി കോളേജ് ലണ്ടന്റെ പ്രശസ്തമായ സെർട്ട്ടീസോൾ കോഴ്സ് സെന്റ്. തോമസ് കോളേജിൽ പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ കെ. എ. ഉദ്ഘാടനം ചെയ്തു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ അതിഥികളെയും വിദ്യാർത്ഥികളെയും സ്വാഗതം ചെയ്തു.

**3. സെന്റർ ഫോർ കരിയർ ഡെവലപ്മെന്റ്**

കോളേജിലെ സെന്റർ ഫോർ കരിയർ ഡെവലപ്മെന്റ് സെൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി 'ഇഗ്നൈറ്റ്' എന്ന പേരിൽ സ്കിൽ ഡെവലപ്മെന്റ് പരിപാടി സംഘടിപ്പിച്ചു. കൂടാതെ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്ലേസ്മെന്റ് ഡ്രൈവുകളിലൂടെ നിരവധി വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു.

കോഗ്നിസന്റ് (16), കെ12 (24), ജി.ഐ.സി.ഇ (54), സൗത്ത് ഇന്ത്യൻ ബാങ്ക് (3), ഇൻഫോസിസ് (3), ടി.സി.എസ് (54), ടീച്ച് ഫോർ ഇന്ത്യ (2), ഡെയോ ലിറ്റ് (1) എന്നീ സ്ഥാപനങ്ങളിലാണ് വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിച്ചത്.

**4. പ്ലാന്റ് ടാക്സോണമിയ 2026**

ബോട്ടണി വിഭാഗം സംഘടിപ്പിച്ച 'പ്ലാന്റ് ടാക്സോണമിയ 2026' എന്ന പരിപാടി എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാമിന്റെ ഭാഗമായി സസ്യ ശേഖരണവും സംരക്ഷണവും സംബന്ധിച്ച പ്രായോഗിക പരിശീലനം കലസമലയിൽ സംഘടിപ്പിച്ചു. മിസ്. ശ്രീഷ്മ പി. എസും ഡോ. ജോബി പോളും ചേർന്ന് ഫീൽഡ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പരിപാടിയുടെ ഭാഗമായി ഐ.സി.എൻ നിയമങ്ങൾ, ഹെർബേറിയം തയ്യാറാക്കൽ എന്നിവ സംബന്ധിച്ച സാങ്കേതിക ക്ലാസുകൾ വകുപ്പ് അദ്ധ്യാപകർ കൈകാര്യം ചെയ്തു. പ്രൊഫ. എബിൻ പി. ജെ. പൂക്കളുടെ വിഭജനവും ചിത്രീകരണവും സംബന്ധിച്ച പരിശീലനം നൽകി.

**5. കമർഷ്യ 2026**

കോമേഴ്സ് സെൽഫ് ഫിനാൻസ് വിഭാഗത്തിന്റെ വാർഷിക ആഘോഷം കമർഷ്യ 2026 എന്ന പേരിൽ ആഘോഷിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ അസിസ്റ്റന്റ് ജനറൽ മാനേജറും റീജിയണൽ ഹെഡുമായ ശ്രീ. ഇ. രാധാകൃഷ്ണൻ മുഖ്യ അതിഥി ആയിരുന്നു.

**6. ദേശീയ സമ്മേളനം**

സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ 'സോഷ്യൽ സയൻസിലെ ഗവേഷണവും പ്രസിദ്ധീകരണവും സംബന്ധിച്ചുള്ള

കല' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സമ്മേളനം സംഘടിപ്പിച്ചു. റിസോഴ്സ് പേഴ്സൺ ഡോ. കെ. ആർ.സന്തോഷ് ഉൽഘാടനം ചെയ്തു.

**7. ജി. വി. രാജ അവാർഡ്**

സംസ്ഥാനത്തെ മികച്ച കായിക കോളേജിനുള്ള 2023-2024 അധ്യയന വർഷത്തെ ജി. വി. രാജ അവാർഡ് സെന്റ് തോമസ് കോളേജ് കരസ്ഥമാക്കി. കായികരംഗത്ത് നേടിയ മികച്ച നേട്ടങ്ങളും വിദ്യാർത്ഥികളുടെ ശ്രദ്ധേയമായ പ്രകടനങ്ങളും പരിഗണിച്ചാണ് ഈ ബഹുമതി കോളേജിന് ലഭിച്ചത്.

**8. വിജയികളായി**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയേറ്റ് ക്രോസ്സ് കൗണ്ടറി ചാമ്പ്യൻഷിപ് മെൻ 2025-2026 ൽ തൃശൂർ സെന്റ് തോമസ് കോളേജ് ഹാട്രിക്ക് ചാമ്പ്യന്മാരായി.

**9. ലീപ് കോവർക്ക്സ് സെന്റർ ഉദ്ഘാടനം ചെയ്തു**

കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ സെന്റ് തോമസ് കോളേജിൽ ലീപ് കോവർക്ക്സ് സെന്റർ ഉദ്ഘാടനം ചെയ്തു. കോളേജിൽ നടന്ന ചടങ്ങ് സ്ഥാപനങ്ങളെ ആധാരമാക്കിയ നവോത്ഥാനവും സംരംഭകത്വവും ശക്തിപ്പെടുത്തുന്നതിലേക്കുള്ള പ്രധാനപ്പെട്ട മുന്നേറ്റമായി വിലയിരുത്തപ്പെട്ടു. കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ. ശ്രീ. അനൂപ് അംബിക ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

**10. എ.ഐ - വർക്ക് ഷോപ്പ്**

കോളേജിലെ ഐ.ക്യു.എ.സി യുടെ ആഭിമുഖ്യത്തിൽ ജനറേറ്റീവ് എ.ഐ.ഇൻ ഹയർ എഡ്യൂക്കേഷൻ : 'എമെർജിങ് ടൂൾസ് ആൻഡ് ഫ്യൂചർ ഡയറക്ഷൻസ്' എന്ന വിഷയത്തിൽ കോളേജിലെ അദ്ധ്യാപകർക്കായി ഒരു  ഏകദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വർക്ക്ഷോപ്പ് സേക്രട്ട് ഹാർട്ട് കോളേജ്, തേവരയിലെ അസിസ്റ്റന്റ് പ്രൊഫ. ഫാ. സാബു തോമസ് നേതൃത്വം നൽകി.

**11. ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശനം നടത്തി**

കോളേജിലെ ഐ.ക്യു.എ.സി.യുടെ നേതൃത്വത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശനം സംഘടിപ്പിച്ചു. സ്ഥാപനങ്ങൾ തമ്മിലുള്ള അക്കാദമിക് സഹകരണവും വിഭവങ്ങളുടെ പങ്കിടലും കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

**12. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

സെന്റ് തോമസ് കോളേജും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി വിദ്യാർത്ഥികൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. 'വി കെയർ @ സെന്റ് തോമസ്' എന്ന പേരിൽ നടത്തിയ ക്യാമ്പ് കോളേജ് ക്യാമ്പസിൽ നടന്നു. ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

**19. സെന്റ് തോമസ് കോളജും സ്റ്റിക്കും ധാരണാപത്രം ഒപ്പുവച്ചു**

സെന്റ് തോമസ് കോളജും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് വിഭാഗവും തമ്മിൽ വിവിധ അക്കാദമിക് ഗവേഷണ മേഖലകളിൽ സഹകരണം ഉറപ്പാക്കുന്ന ധാരണാപത്രം ഒപ്പുവച്ചു. വിദ്യാർത്ഥികളുടെ പ്രോജക്ടുകൾ, ഗവേഷണം, പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയ മേഖലകളിൽ സഹകരിക്കാനാണ് ധാരണ.

**ഫാ. ബിജു പാണേങ്ങാടൻ** (എക്സി. മാനേജർ)

**മെസ്റ്റിൻ പി.സി**, (പി.ആർ.ഒ)

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ് (ഓട്ടോണമസ്)

**1. യോദ്ധാ ഹാക്കത്തോൺ**

ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ യോദ്ധാ 24 മണിക്കൂർ ഹാക്കത്തോൺ നടന്നു. ആരോഗ്യമേഖലയിലെ എ.ഐ. സാധ്യതകൾ കണ്ടുപിടിക്കുന്നതിനാണ് പരിപാടി സംഘടിപ്പിച്ചത്. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, അമല മെഡിക്കൽ കോളേജ്, സൺ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഹാക്കത്തോൺ നടത്തിയത്. അമല മെഡിക്കൽ കോളേജ്, ജോയിന്റ് ഡയറക്ടർ ഫാ. ഡെൽജോ പുത്തൂർ ഉദ്ഘാടനം നിർവ്വഹിച്ചു. പാഞ്ഞാൾ പഞ്ചായത്ത് പ്രസിഡന്റ് സന്ദീപ് കോന്നനാത്ത് മുഖ്യാതിഥിയായിരുന്നു.

**2. ജല ഗുണനിലവാര ശുചിത്വ ശിൽപ്പശാല**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ വിഭാഗത്തിന്റെ കീഴിലുള്ള സെന്റർ ഫോർ വാട്ടർ റിസർച്ചും, കേന്ദ്ര സർക്കാർ സംരംഭമായ ഉന്നത് ഭാരത് അഭിയാനും ചേർന്ന് സംസ്ഥാനതല ജലഗുണനിലവാര ശുചിത്വ ശിൽപ്പശാല നടത്തി. ഇടുക്കി, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലെ കോളേജ് അധ്യാപകർ പങ്കെടുത്തു. കാർഷിക സർവ്വകലാശാല എക്സ്റ്റൻഷൻ വിഭാഗം ഡയറക്ടർ ഡോ. ബിനു പി. ബോണി ഉദ്ഘാടനം ചെയ്തു.

**3. സൈബർ തട്ടിപ്പുകളെകുറിച്ചുള്ള ബോധവൽക്കരണ സെമിനാർ**

ലോകത്ത് ഇന്ന് നടക്കുന്ന ഭൂരിഭാരം സെബർ തട്ടിപ്പുകളും സാങ്കേതിക ഹാക്കിങ്ങിലൂടെ അല്ലെന്നും, മനുഷ്യ മനസ്സിനെ ഉപയോഗിക്കുന്ന സാമൂഹിക ചതിയിലൂടെയാണെന്ന് കേരള പോലീസ് അക്കാദമി ഡയറക്ടറും ഐജിയുമായ കെ. സേതുരാമൻ. ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മേധാവികൾക്കായി നടത്തിയ സൈബർ തട്ടിപ്പിനെകുറിച്ചുള്ള ബോധവത്ക്കരണ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വെർചൽ അറസ്റ്റ് തട്ടിപ്പുകൾ യു.പി.ഐ. ഇടപാടുകളിലെ വഞ്ചനകൾ തുടങ്ങിയ സംഭവങ്ങൾ ഉദാഹരണമായി അദ്ദേഹം പറഞ്ഞു. പൊതുജനങ്ങൾ കൂടുതൽ ജാഗ്രത പാലിച്ചാൽ ഒരു പരിധി വരെ ഇത്തരം തട്ടിപ്പുകൾ തടയാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**4. സ്പോർട്സ് കിറ്റ് വിതരണം ചെയ്തു**

ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കോസ് ഇന്ത്യ എൻ.ജി.ഒ യുടെ സഹകരണത്തോടെ സ്പോർട്സ് കിറ്റ് വിതരണം ചെയ്തു. വടക്കാഞ്ചേരി ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കാണ് കിറ്റ് നല്കിയത്. കിറ്റുകളുടെ വിതരണോദ്ഘാടനം ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അക്കാദമിക് ഡയറക്ടർ റവ. ഫാ. ഡോ. ജോസ് കണ്ണമ്പുഴ നിർവ്വഹിച്ചു.

**5. ജ്യോതിയിൽ മികച്ച അധ്യാപകരെയും വിദ്യാലയങ്ങളെയും ആദരിച്ചു.**

തൃശൂർ : പാലക്കാട്, തൃശൂർ ജില്ലകളിലെ മികച്ച പ്ലസ്ടു അദ്ധ്യാപകരെയും മികച്ച വിദ്യാലയങ്ങളെയും, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് പുരസ്കാരം നല്കി ആദരിച്ചു. ജ്യോതിയിലെ ഒന്നാം വർഷ വിദ്യാർത്ഥികൾ അവരെ സ്വാധീനിച്ച അധ്യാപകരുടെ പേരുകൾ നല്കിയതിൽ ഏറ്റവും കൂടുതൽ പേർ നിർദ്ദേശിച്ച 20

അദ്ധ്യാപകരെയും നാല് സ്കൂളുകളെയുമാണ് ആദരിച്ചത്. ഏറ്റവും മികച്ച വിദ്യാലയങ്ങളായി മണ്ണുത്തി ഡോൺബോസ്കോ, എൽത്തുരുത്ത് സെന്റ് അലോഷ്യസ്, വാണിയംകുളം ടിആർകെ, തൃശൂർ സെന്റ് തോമസ് എന്നീ ഹയർ സെക്കന്ററി സ്കൂളുകളെ തെരഞ്ഞെടുത്തു. കെ.പി. നമ്പൂതിരീസ് ആയുർവ്വേദിക് മാനേജിംഗ് ഡയറക്ടർ കെ. ഭവദാസൻ ഉദ്ഘാടനം ചെയ്തു.

**6. ദേശീയതല സംരംഭകത്വമത്സരങ്ങളിൽ നേട്ടവുമായി ജ്യോതി കോളേജ്**

രാജ്യത്തെ പ്രമുഖ ഐ.ഐ.ടികൾ സംഘടിപ്പിച്ച ദേശീയതല സംരംഭകത്വമത്സരങ്ങളിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് 7–ാം സ്ഥാനം കരസ്ഥമാക്കി. ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഐ.ഇ.ഡി.സി ടീം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ബോംബയിൽ നടന്ന നാഷണൽ എൻട്രപ്രണർഷിപ്പ് ചാലഞ്ച് 2026 ൽ അഡ്വാൻസ്ഡ് ട്രാക്കിൽ അഖിലേന്ത്യാതലത്തിൽ എട്ടാം സ്ഥാനം കരസ്ഥമാക്കി. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസ് സംഘടിപ്പിച്ച എൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് ഡ്രൈവിൽ ഏഴാം സ്ഥാനവും കോളേജ് സ്വന്തമാക്കി. ഈ നേട്ടത്തിന്റെ ഭാഗമായി കോളേജിൽ പ്രത്യേക അഭിനന്ദനയോഗം സംഘടിപ്പിച്ചു.

**6. ധാരണാപത്രത്തിൽ ഒപ്പുവെച്ചു**

തൃശൂർ : ഐടി, സൈബർ സുരക്ഷാ മേഖലകളിൽ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനവും, തൊഴിൽ നൈപുണ്യവും ഉറപ്പാക്കുന്നതിനായി ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ചെറുതുരുത്തി സൈബർ സെക്യൂരിറ്റി വിഭാഗവും, സി.ഇ.ഒ. രാഹുൽ പി. രവീന്ദ്രന്റെ നേതൃത്വത്തിലുള്ള കൊച്ചിയിലെ പ്രമുഖ ഐടി സ്ഥാപനമായ സിനെഫോ സൊല്യൂഷൻസും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. ഐടി പരിശീലന രംഗത്തും, സോഫ്റ്റ്വെയർ വികസനത്തിലും മുൻപന്തിയിലുള്ള സിനെഫോ സൊല്യൂഷൻസ്, വിദ്യാർത്ഥികൾക്ക് വ്യവസായാധിഷ്ഠിത പ്രോജക്ടുകളും നൂതന സാങ്കേതിക പരിശീലനവുമാണ് വാഗ്ദാനം ചെയ്യുന്നത്.

ധാരണാപത്രത്തിന്റെ ഭാഗമായി സൈബർ സെക്യൂരിറ്റി ഓഡിറ്റിംഗ്, എത്തിക്കൽ ഹാക്കിംഗ്, ക്ലൗഡ് കമ്പ്യൂട്ടിങ്ങ് ഇന്റേൺഷിപ്പുകൾ എന്നിവയിൽ ഇരുസ്ഥാപനങ്ങളും സംയുക്തമായി പ്രവർത്തിക്കും. സൈബർ സുരക്ഷാസാങ്കേതിക വിദ്യകളിൽ പ്രായോഗിക അറിവ് വർദ്ധിപ്പിക്കാനും, വ്യവസായ അക്കാദമിക് സഹകരണത്തിലൂടെ മികച്ച തൊഴിൽ സാധ്യതകൾ

വികസിപ്പിക്കാനും ഈ പങ്കാളിത്തം വിദ്യാർത്ഥികൾക്ക് വലിയ മുതൽക്കൂട്ടാകും.

**ഫാ. ഡേവിഡ് നെറ്റിക്കാടൻ** — എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ** — പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

### കോളേജ് ഡേ ആഘോഷം

23-ാമത് കോളേജ് ഡേ ആഘോഷം മാർച്ച് 17 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വിപുലമായി സംഘടിപ്പിച്ചു. എം.ജെ.ടി.സി വിദ്യാർത്ഥികൾ ആലപിച്ച കോളേജ് ഗാനത്തോടെയാണ് പരിപാടികൾക്ക് തുടക്കമായത്. തുടർന്ന് കോളേജ് യൂണിയൻ ചെയർപേഴ്സൺ ടോം ടിറ്റോ വാലി സ്വാഗത പ്രസംഗം നടത്തി. പ്രിൻസിപ്പൽ റവ. ഡോ. ചാക്കോ ചിറമ്മൽ കോളേജ് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് കോളേജ് യൂണിയൻ സെക്രട്ടറി അജിൽ എബ്രഹാം യൂണിയൻ റിപ്പോർട്ട് അവതരിപ്പിച്ചു. മാനേജർ മോൺ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്ത് അധ്യക്ഷ പ്രസംഗം നടത്തി. റവ. ഫാദർ ഫ്രാൻസീസ് പള്ളിക്കുന്നത്ത് മുഖ്യ പ്രഭാഷണം നടത്തി. പരിപാടിയുടെ ഭാഗമായി 2024-2026 ബാച്ചിന്റെ കോളേജ് മാഗസിൻ മോൺ. ജോസ് കോനിക്കര പ്രകാശനം ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളോടെ കോളേജ് ഡേ ആഘോഷം സമാപിച്ചു.

### മോഡൽ പരീക്ഷ ആരംഭം

2024-2026 ബാച്ചിന്റെ നാലാം സെമസ്റ്റർ മോഡൽ പരീക്ഷ മാർച്ച് 19 വ്യാഴാഴ്ച ഉച്ചയ്ക്ക് 1.30നും, 2025-2027 ബാച്ചിന്റെ രണ്ടാം സെമസ്റ്റർ മോഡൽ പരീക്ഷ മാർച്ച് 23 തിങ്കളാഴ്ച രാവിലെ 9.30 നും ആരംഭിച്ചു.

### സെൻഡ് ഓഫ് പരിപാടി

2024-2026 ബാച്ച് വിദ്യാർത്ഥികൾക്കായി സെൻഡ് ഓഫ് പരിപാടി മാർച്ച് 27 വെള്ളിയാഴ്ച രാവിലെ 9.45ന് സംഘടിപ്പിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**, കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**, അസി.മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. സാധാരണ രീതിയിൽ ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 6,7,8 (തിങ്കൾ, ചൊവ്വ, ബുധൻ) – 15,16,17 – 29,30, മെയ് 1. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ്സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**സമുദായ ജ്വാല 2K26 ഫൊറോന കൺവെൻഷനുകൾ നടത്തി**

'കുടുംബകൂട്ടായ്മകൾ സമുദായ ശക്തീകരണത്തിന്' 16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ കൺവെൻഷനുകൾ ഫെബ്രുവരി 22, മാർച്ച് 1, 8, 15 എന്നീ ദിവസങ്ങളിലായി നടത്തി. ഫൊറോന കൺവെൻഷനുകളുടെ അതിരൂപത തല ഉദ്ഘാടനം ബസിലിക്ക ഫൊറോനയിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. ഭൂരിഭാഗം ഫൊറോനകളിലും മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പങ്കെടുത്തു. പ്രസ്തുത കൺവെൻഷനിൽ അതാത്

ഫൊറോനകളിലെ ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾ പങ്കെടുത്തു.

**കൂപ്പൺ വിതരണം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ സംഭാവന കൂപ്പൺ വിതരണം തുടങ്ങി. യൂണിറ്റ്, ഇടവക, ഫൊറോന, രൂപത തലത്തിൽ അടുത്ത മൂന്നുവർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ ചെലവിന് തുക ശേഖരിക്കുകയാണ് ലക്ഷ്യം. കൂപ്പൺ വാങ്ങുന്നവരിൽ നിന്ന് നറുക്കെടുത്ത് 51 സമ്മാനങ്ങൾ നൽകുന്നതാണ്. കൂപ്പൺ വിൽക്കുന്ന യൂണിറ്റിന് 20% കമ്മീഷൻ ലഭിക്കും. ഒരു വീടിന് ഒരു കൂപ്പൺ എന്നതാണ് മിനിമം വിൽപ്പന. ഇടവക കേന്ദ്ര സമിതി, ഫൊറോന സമിതിയ്ക്ക് 10% കമ്മീഷൻ ഉണ്ടാകും. മെയ് രണ്ടാം തിയ്യതിക്കുമുമ്പായി സ്വീകരിച്ച തുകയും രസീതിന്റെ കട കുറ്റിയും ഫാമിലി അപ്പസ്തലേറ്റിൽ തിരികെ നൽകണം. കൂപ്പൺ വിൽപ്പന നടത്തിയതിന്റെ കമ്മീഷൻ അതിരൂപത ഓഫീസിൽ നിന്നാണ് നൽകുക.

**മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

തൃശ്ശൂർ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ 28-ാം ചരമ വാർഷികത്തോടനുബന്ധിച്ച് ഈ വർഷവും തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ 2026 മെയ് 1-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഫാമിലി അപ്പസ്റ്റോലേറ്റിൽ വെച്ച് മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം സംഘടിപ്പിക്കുന്നു. അന്നേദിവസം തൃശ്ശൂർ അതിരൂപതയിലെ സമുദായ നേതാക്കളെയും മാർ ജോസഫ് കുണ്ടുകുളം സ്ഥാപിച്ച ആതുരാലയങ്ങളിൽ സന്നദ്ധ സേവനം അനുഷ്ഠിക്കുന്ന പ്രവർത്തകനെയും ആദരിക്കുന്നു. ഇതിന് മുന്നോടിയായി ഏപ്രിൽ 11-ാം തിയ്യതി രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജിൽ കുണ്ടുകുളം പിതാവിനോടുള്ള അനുസ്മരണാർത്ഥം രക്തദാന ക്യാമ്പ് സംഘടിപ്പിക്കുന്നു.

**മാതൃക യൂണിറ്റ് തിരഞ്ഞെടുപ്പ്**

അതിരൂപതയിലെ എല്ലാ കുടുംബകൂട്ടായ്മകളിൽ നിന്നും നിശ്ചിത മാർക്ക് കിട്ടുന്ന കുടുംബയൂണിറ്റുകളെ മാതൃക കുടുംബ യൂണിറ്റുകളായി തെരഞ്ഞെടുക്കുന്നു. അതിനായി 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കുടുംബകൂട്ടായ്മയുടെ റിപ്പോർട്ടും ഹാജരും പ്രവർത്തനങ്ങളുടെ ഫോട്ടോയും അടക്കം ഇടവക വികാരിയും ഇടവക കേന്ദ്രസമിതി കൺവീനറും സാക്ഷ്യപ്പെടുത്തി

2026 ഏപ്രിൽ 15–ാം തിയ്യതിക്കകം കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കേണ്ടതാണ്.

| | |
|---|---|
| **ഫാ. ടിങ്കിൾ വാഴപ്പിള്ളി** | **ഫാ.അനീഷ് കൂത്തൂർ** |
| ഡയറക്ടർ | അസി. ഡയറക്ടർ |
| **പ്രൊഫ. ജോർജ്ജ് അലക്സ്** | **എ. ഡി. ഷാജു** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി |

# മാതൃവേദി

### അതിരൂപത മാതൃവേദി ജനറൽബോഡിയും വാർഷിക പദ്ധതി പ്രകാശനവും

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ ജനറൽബോഡി യോഗം മാർച്ച 18–ാം തിയ്യതി ബുധനാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടന്നു. ഈ യോഗത്തിൽ വച്ച് 2026 – 2027 വർഷത്തെ അതിരൂപത, ഫൊറോന, ഇടവക തലത്തിലെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയായ വാർഷികപദ്ധതിയും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രകാശന കർമ്മം നിർവഹിച്ചു.

### സമുദായ ശക്തീകരണം മിഷൻ

മാതൃവേദിയുടെ ഏപ്രിൽ മാസത്തെ കൂട്ടായ്മ ഫിയാത്ത് മിഷ്യന്റെ മിഷ്യൻ എക്സിബിഷനോടനുബന്ധിച്ച് തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് ഏപ്രിൽ 13–ാം തിയ്യതി തിങ്കളാഴ്ച്ച നടത്തുന്നു. കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തന മേഖലകളെയും മിഷനറിമാരെയും പരിചയപ്പെടാനും മിഷൻ എക്സ്പോ സന്ദർശിക്കാനും സാഹചര്യമൊരുക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ**, അസി. ഡയറക്ടർ
**ശ്രീമതി ഉജ്ജ്വല ബിജു**, പ്രസിഡന്റ്
**ശ്രീമതി റീന വർഗ്ഗീസ്**, സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഏപ്രിൽ 6 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ 'നല്ല കുഞ്ഞുങ്ങൾ പിറക്കുക' എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഏപ്രിൽ മാസത്തെ ഓൺലൈൻ ആരാധന യും ക്ലാസ്സും ഏപ്രിൽ 12-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 7.00 മുതൽ 8.00 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്ര ഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**പ്രോലൈഫ് നേഴ്സസ് സെമിനാർ**

അതിരൂപതയിലെ വിവിധ ആശുപത്രികളിലായി സേവനം ചെയ്യു കയും നഴ്സുമാരാകാൻ പഠിക്കുകയും ചെയ്യുന്ന എല്ലാവരേയും ന ഴ്സസ് സെമിനാറിലേക്ക് സ്വാഗതം ചെയ്യുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാന പ്രദവുമാണ് ഈ സെമിനാർ. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഹാളിൽ വച്ച് ഏപ്രിൽ 11-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 വരെ നടത്തപ്പെടുന്ന ഈ സെമിനാറിൽ സംബന്ധി ക്കാനായി സ്നേഹത്തോടെ ക്ഷണിക്കുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**, പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

ലോഫ് കുടുംബങ്ങളുടെ വാർഷിക ധ്യാനം ഏപ്രിൽ 10,11,12 തിയ്യതികളിലായി DBCLC യിൽ വെച്ച് നടത്തപ്പെടുന്നു. കുട്ടികൾക്കും മുതിർന്നവർക്കുമായി വ്യത്യസ്ത ഗ്രൂപ്പുകളായാണ് ധ്യാനം നടത്തുന്നത്.

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' വാർഷിക ധ്യാനമായതുകൊണ്ട് ഈ മാസം ഉണ്ടായിരിക്കുന്നതല്ല. ലോഫ് അക്കാഡമിക് സെക്ഷൻ ഏപ്രിൽ 26-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ലോഫ് വ്രതവാഗ്ദാനം**

ലോഫ് സ്ഥിരാംഗങ്ങൾ ആകുന്നതിനുള്ള വ്രതവാഗ്ദാനം ഏപ്രിൽ 16-ാം തിയ്യതി നടത്തപ്പെടുന്നു. അഞ്ച് വർഷത്തെ ലോഫ് സഹവാസവും ഒരു വർഷത്തെ പ്രത്യേക പരിശീലനത്തിനും ശേഷമാണ് പുതിയ കുടുംബങ്ങൾ വ്രതവാഗ്ദാനത്തിന് ഒരുങ്ങുന്നത്.

**ഫാ.ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

# കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

**നോമ്പുകാല ധ്യാനപ്രഭാഷണം**

സി.സി.ഡബ്ലിയു.ഐ അംഗങ്ങളുടെ മാർച്ച് മാസത്തെ മീറ്റിങ്ങ് മാർച്ച് 9-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഡയറക്ടർ ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഫാ. മത്തായി അക്കര (കപ്പൂച്ചിൻ)യുടെ ബൈബിൾ ക്ലാസ്സ് ഉണ്ടായിരുന്നു. തുടർന്ന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ചാപ്പലിൽ ആരാധനയും നടത്തി.

**ഏഴ് പള്ളി സന്ദർശനം**

സി.സി.ഡബ്ല്യിയു.ഐയുടെ നേതൃത്വത്തിൽ അംഗങ്ങൾ മാർച്ച് 24–ാം തിയ്യതി ഏഴ് പള്ളി സന്ദർശനം നടത്തി. വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ ജൂബിലി വർഷത്തോടനുബന്ധിച്ച് കാൽവരി കപ്പൂച്ചിൻ ആശ്രമ പള്ളിയും ഈ സന്ദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

**സമൂദായ ശക്തീകരണ ബോധവൽകക്കരണ ക്ലാസ്സ്**

സി.സി.ഡബ്ല്യിയു.ഐ അംഗങ്ങൾക്കുവേണ്ടിയുള്ള സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീകരണ ബോധവൽക്കരണ ക്ലാസ്സ് ഏപ്രിൽ 13–ാം തിയ്യതി തിങ്കളാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് 3.00 ന് നടത്തുന്നു. എല്ലാ സി.സി.ഡബ്ല്യിയു.ഐ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ
**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

## സാന്ത്വനം

**മുള്ളൂർക്കര–പാവ നിർമ്മാണ യൂണിറ്റ് ആരംഭിച്ചു**

വനിത ശാക്തീകരണത്തിന്റെ ഭാഗമായി 70 വനിതകൾക്ക് തൊഴിൽ ലഭിക്കാൻ പര്യപ്തമാക്കി മുള്ളൂർക്കരയിലെ നസ്രത്ത് സെന്റർ കേന്ദ്രീകരിച്ച് പാവ നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. കളമശ്ശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന ബോഡി ഗിയർ ഇൻറർ നാഷണൽ കമ്പനിയും സൗത്ത് ഇന്ത്യൻ ബാങ്കുമായി സഹകരിച്ച് തൃശ്ശൂർ അതിരൂപത സാമൂഹ്യ ക്ഷേമ വിഭാഗമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച പാവ നിർമ്മാണ യൂണിറ്റിന്റെ ആശിർവാദം തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ. ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ സ്ത്രീകളുടെ ശാക്തീകരണത്തിന്റെ മുഖമുദ്രയാണ് അവരുടെ ജീവിതവിജയവും പ്രചോദാത്മകമായ പ്രവർത്തനവും വിശ്വസ്തത

പൂർവമുള്ള സാമൂഹ്യ ഇടപെടലും എന്ന് അതിരൂപത മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. അതിരൂപത വികാരി ജനറൽ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് റീജണൽ ഹെഡ് ശ്രീ. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി സിഎസ്ആർ ഫണ്ട് കൈമാറി. ബോഡി ഗിയർ മാനേജിങ് ഡയറക്ടർ ശ്രീ. രാജീവ്, ഓപ്പറേഷൻ ഹെഡ് ശ്രീ സതീശൻ കുറുപ്പ്, മൂവാറ്റുപുഴ യൂണിറ്റ് മേധാവി ശ്രീ ടോമി മാത്യു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**സാന്ത്വനഭവനം ആശീർവദിച്ചു.**

വെങ്ങിണിശ്ശേരി ഇടവകയുടെ പരിധിയിൽ താമസിക്കുന്ന ഒരു കുടുംബത്തിന് സ്വപ്നഭവനം യാഥാർഥ്യമാക്കി സാന്ത്വനം. കുടുംബത്തിന് പുതുവീട് നിർമ്മിച്ച് നൽകി. ചടങ്ങിൽ സാന്ത്വനം ഡയറക്ടർ ഫാ. ജോജു ആളൂർ, അസോസിയേറ്റ് ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി, പ്രോജക്റ്റ് കോർഡിനേറ്റർ സി. ജിസ്മരിയ എന്നിവർ ഭവനം പ്രാർത്ഥനാപൂർവം ആശീർവദിച്ചു. ചിറ്റലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് തൃശൂർ അതിരൂപതയിലെ സാമൂഹ്യ ക്ഷേമ സെന്ററായ സാന്ത്വനം വീടിന്റെ നിർമാണത്തിന് നേതൃത്വം നൽകി. ഇടവക വികാരി ഫാ. ജോസ് അറങ്ങാശ്ശേരി, സാന്ത്വനം അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബെൻവിൻ തട്ടിൽ, സ്റ്റാഫ് അംഗങ്ങളായ പ്രമീള, അക്ഷര എന്നിവരും ഭവന നിർമാണത്തിന്റെ ഭാഗമായി.

**തൃശ്ശൂരിൽ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു.**

തൃശ്ശൂർ: കേരള സ്റ്റേറ്റ് ബാക്കവേർഡ് ക്ലാസസ് ഡെവലപ്പ്മെന്റ് കോർപറേഷൻ (കെ. എസ്. ബി. സി. ഡി. സി.)യുടെ നേതൃത്വത്തിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിപാടി ഫെബ്രുവരി 5ന് കാത്തലിക്ക് പാസ്റ്ററൽ സെന്ററിൽ നടന്നു.പരിപാടിക്ക് നാഷ്ണൽ മൈനോരിറ്റി ഡെവലപ്പ്മെന്റ് ആന്റ് ഫിനാൻസ് കോർപറേഷൻ (എൻ. എം. ഡി. എഫ്. സി.) ന്യൂഡൽഹിയുടെ സഹകരണവും പിന്തുണയും ഉണ്ടായിരുന്നു. വിവിധ മേഖലകളിൽ സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്ന യുവാക്കളെയും സ്ത്രീകളെയും ലക്ഷ്യമിട്ട് പരിശീലനം നൽകി. സംരംഭം തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം, വായ്പാ പദ്ധതികൾ, മാർക്കറ്റിംഗ് രീതികൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നടത്തി. പങ്കെടുത്തവർക്ക് സ്വയം തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും ചെറിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പരിപാടിയിൽ നിരവധി പേർ പങ്കെടുത്തു. സംരംഭകത്വം വളർത്തുന്നതിനും തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിനും ഇത്തരം പരിശീലനങ്ങൾ സഹായകരമാകുമെന്ന് സംഘാടകർ അറിയിച്ചു.

**ലോക വനിതാ ദിനാഘോഷം സംഘടിപ്പിച്ചു**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികളോടെ വനിതാ ദിനാഘോഷം സംഘടിപ്പിച്ചു. വില്ലടം മാതൃസംഘത്തിന്റെ നേതൃത്വത്തിൽ സെന്റ് തോമസ് ചർച്ച് ഹാളിലും, പൂമല ഇടവകയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ പൂമല ലിറ്റിൽ ഫ്ളവർ ചർച്ച് ഹാളിലും ആഘോഷപരിപാടികൾ നടന്നു. പരിപാടിയുടെ ഭാഗമായി സ്ത്രീകളിൽ വർധിച്ചു വരുന്ന 'ഗർഭാശയ ക്യാൻസർ' സംബന്ധിച്ച അവബോധ ക്ലാസ് സംഘടിപ്പിച്ചു. കെയർ ആന്റ് സെഫ് ട്രെയിനറായ ബോബി തോമസ് ക്ലാസ് നയിച്ചു. ഗർഭാശയ ക്യാൻസറിന്റെ ലക്ഷണങ്ങൾ, പ്രതിരോധ മാർഗങ്ങൾ, സമയബന്ധിത പരിശോധനയുടെ ആവശ്യകത എന്നിവയെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനും അവബോധം വർധിപ്പിക്കുന്നതിനും ഇത്തരം പരിപാടികൾ ഏറെ പ്രാധാന്യമുള്ളതാണെന്ന് സംഘാടകർ അറിയിച്ചു. നിരവധി സ്ത്രീകൾ പരിപാടിയിൽ പങ്കെടുത്തു.

**'ദിശ 2026' ലാമ്പ് ലൈറ്റിംഗും സത്യപ്രതിജ്ഞാ ചടങ്ങും നടത്തി**

സാന്ത്വനം സോഷ്യൽ അപ്പോസ്തലേറ്റ് സെന്ററും മിസാറ്റ് (എം. ഐ. എസ്. എ. ടി.) ചാരിറ്റബിൾ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച 'ദിശ 2026' പദ്ധതിയുടെ ഭാഗമായി ലാമ്പ് ലൈറ്റിംഗും സത്യപ്രതിജ്ഞാ ചടങ്ങും നടത്തി. സ്ത്രീകൾക്ക് സ്വയംപര്യാപ്തതയിലേക്കുള്ള ദിശ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടി വിവിധ പരിപാടികളോടെ നടന്നു. ക്ഷേമ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ. ജേക്കബ് പുലിക്കോട്ടിൽ മുഖ്യാതിഥിയായി പങ്കെടുത്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു. സാമൂഹിക രംഗത്തെ നിരവധി പ്രവർത്തകരും സംഘാടകരും പങ്കെടുത്ത ചടങ്ങിൽ സ്ത്രീകളുടെ ശക്തീകരണത്തിനും സ്വയംപര്യാപ്തതയ്ക്കുമായി പ്രവർത്തിക്കാൻ പ്രതിജ്ഞയെടുത്തു. സമൂഹത്തിലെ സ്ത്രീകൾക്ക് ആത്മവിശ്വാസവും മുന്നേറ്റത്തിനുള്ള പ്രചോദനവും നൽകുന്ന പരിപാടിയായി 'ദിശ 2026' മാറിയതായി സംഘാടകർ അറിയിച്ചു.

**ഫാ. ജോജു ആളൂർ**, ഡയറക്ടർ
**ഫാ. ജോസ് വട്ടക്കുഴി,** അസ്സോ. ഡയറക്ടർ
**ഫാ. ബെൻവിൻ തട്ടിൽ**, അസി. ഡയറക്ടർ

# സ്ലംസർവ്വീസ് സെൻറ്റർ

1. അടുപ്പുട്ടി, കുരിയച്ചിറ, അഞ്ചേരി, വളർകാവ്, പൂങ്കുന്നം, പനമുക്ക്, ഒല്ലൂർ, നെഹ്റുനഗർ, ചിയ്യാരം മേഖലകളിൽ ADS മീറ്റിംഗുകൾ നടന്നു.

2. ഉന്നത വിദ്യാഭ്യാസവും വായ്പാനയരേഖയും CDS മീറ്റിംഗിൽ അവതരിപ്പിച്ചു

CDS യോഗം ഡയറക്ടർ ഫാ. ജിയോ ചിരിയൻകണ്ടത്തിന്റെ അധ്യക്ഷതയിൽ SSC ഓഫീസിൽ കൂടി. യോഗത്തിൽ എല്ലാ മേഖലകളിലെയും ADS റിപ്പോർട്ടുകൾ അവതരിപ്പിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ (KSBCDC) ലോൺ എടുക്കുന്ന ഗ്രൂപ്പുകൾക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകി. 50 ലക്ഷം രൂപ 8 SHGS നൽകുവാൻ തീരുമാനിച്ചു. ഉന്നത വിദ്യാഭ്യാസം ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും നേടുന്നതിന് വേണ്ട എൻട്രൻസ് പരീക്ഷകളെകുറിച്ചും ആയതിനു ഉടൻ അപേക്ഷിക്കണമെന്നും കുട്ടികൾ നിർബന്ധമായും ജയപരാജയങ്ങൾ നോക്കാതെ പ്രവേശന പരീക്ഷകൾ അഭിമുഖീകരിക്കുക, ദേശീയ തലത്തിൽ ഈ പരീക്ഷകൾ എഴുതുക എന്നത് ഒരു അനുഭവമാണ് എന്നും ജിയോ അച്ചൻ പറയുകയുണ്ടായി. SSC പ്രസിഡന്റ് ശ്രീ .ജോയ് പോൾ യോഗത്തിൽ പങ്കെടുത്തു.

**3. വായ്പ എലിജിബിലിറ്റി**

06.03.2026ൽ KSBCDC തൃശൂർ ഡിസ്ട്രിക്ട് മാനേജർ ശ്രീ. വേണുഗോപാൽ. P.N, SHGs ലോൺ വെരിഫിക്കേഷന് വരികയും ഗ്രൂപ്പുകളുടെ ബുക്ക്സ് & റെക്കോർഡ്സ് പരിശോധിച്ചു ലോൺ നൽകുന്നതിന് ഗ്രൂപ്പുകൾ എല്ലാം എലിജിബിൾ ആണെന്ന് വിലയിരുത്തുകയും ചെയ്തു.

**ഫാ. ജിയോ ചിരിയങ്കണ്ടത്ത്,** ഡയറക്ടർ
**ജോയ് പോൾ**, പ്രസിഡന്റ്
**ബേബി മൂക്കൻ**, സെക്രട്ടറി

# ചിൽഡ്രൻസ് മിനിസ്ട്രി

## ആഘോഷമായ കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അധ്യാപകർക്കായുള്ള അർദ്ധദിന പരിശീലന പരിപാടി

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ, കുട്ടികളെ ആഘോഷമായ കുർബാന സ്വീകരണത്തിന് ഒരുക്കുന്ന അധ്യാപകർക്കായി പ്രത്യേക അർദ്ധദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. 2026 മാർച്ച് 14 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 4.30 വരെ തൃശ്ശൂർ ആർച്ച്ബിഷപ് ഹൗസിലെ മുകളിലത്തെ ഹാളിൽ വെച്ചാണ് ഈ പരിപാടി നടന്നത്. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി ഏകദേശം 250 അധ്യാപകർ ഈ പരിശീലന പരിപാടിയിൽ സജീവമായി പങ്കെടുത്തു. അധ്യാപകർ കുട്ടികളെ പഠിപ്പിക്കുമ്പോൾ നേരിടുന്ന പ്രായോഗികമായ വെല്ലുവിളികളും ഏകദേശം 50 പ്രധാന സംശയങ്ങളും മുൻകൂട്ടി ക്രോഡീകരിച്ചിരുന്നു. ഈ ചോദ്യങ്ങൾക്കെല്ലാം റവ. ഫാ. സെബാസ്റ്റ്യൻ ചാലക്കൽ ക്ലാസ്സുകൾക്കിടയിൽ കൃത്യമായ മറുപടി നൽകി. കുട്ടികളെ വിശ്വാസവഴിയിൽ വളർത്തുന്നതിൽ തങ്ങൾക്കുണ്ടായിരുന്ന സംശയങ്ങൾ ദൂരീകരിക്കാൻ ഈ സെഷൻ ഏറെ സഹായിച്ചുവെന്ന് പങ്കെടുത്ത അധ്യാപകർ അഭിപ്രായപ്പെട്ടു. തങ്ങളുടെ ഇടവകകളിൽ നിന്നും അധ്യാപകരെ ഈ പരിശീലന പരിപാടിയിലേക്ക് അയക്കാൻ പ്രത്യേക താല്പര്യമെടുത്ത എല്ലാ വികാരിയച്ചന്മാർക്കും ചിൽഡ്രൻസ് മിനിസ്ട്രി നന്ദി രേഖപ്പെടുത്തി. കൂടാതെ, അധ്യാപകരുടെ സംശയങ്ങൾക്ക് വ്യക്തവും ലളിതവുമായ രീതിയിൽ മറുപടി നൽകി പരിശീലനം നയിച്ച റവ. ഫാ. സെബാസ്റ്റ്യൻ ചാലക്കലിനോടുള്ള പ്രത്യേക കൃതജ്ഞതയും ഭാരവാഹികൾ അറിയിച്ചു.

## അതിരൂപതാതല നേതൃത്വ പരിശീലന ക്യാമ്പുകൾ 2026

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ ഭാരവാഹികൾക്കായി അതിരൂപതാതല നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കാച്ചേരി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വെച്ചാണ് ക്യാമ്പുകൾനടക്കുന്നത്. ഈ ക്യാമ്പുകളിൽ വെച്ചാണ് വരാനിരിക്കുന്ന വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ

തിരഞ്ഞെടുക്കുന്നത്.

**ക്യാമ്പ് കലണ്ടർ**

1. സ്പർശ് (Sparsh) ക്യാമ്പ്: ഏപ്രിൽ 27, 28 (തിങ്കൾ, ചൊവ്വ) തിരുബാലസഖ്യം
2. ബെർക്കുമെൻസ് (Berchmans) ക്യാമ്പ്: ഏപ്രിൽ 28, 29 (ചൊവ്വ, ബുധൻ) അൾത്താരസംഘം
3. ക്രിസ്ത്യൻ ലൈഫ് ക്യാമ്പ് (CLC): ഏപ്രിൽ 29, 30 (ബുധൻ, വ്യാഴം) ജൂനിയർ സി.എൽ.സി.

പ്രധാന നിർദ്ദേശങ്ങൾ: എല്ലാ ക്യാമ്പുകളും ഒന്നാം ദിവസം രാവിലെ 9 മണിക്ക് ആരംഭിച്ച് രണ്ടാം ദിവസം രാവിലെ 9 മണിക്ക് സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. വികാരിയച്ചന്റെ നിർദ്ദേശപ്രകാരം ഓരോ ഇടവകയിൽ നിന്നും നിശ്ചിത എണ്ണം കുട്ടികൾക്ക് ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. ഓരോ ക്യാമ്പിലും ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് മാത്രമായിരിക്കും പ്രവേശനം. ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികളും നിർബന്ധമായും ബൈബിൾ, പേന, നോട്ട്ബുക്ക് എന്നിവ കൈവശം കരുതേണ്ടതാണ്. ഒരാൾക്ക് 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2026 ഏപ്രിൽ 15 ാം തിയതിക്ക് മുമ്പ് ലിങ്കിൽ റജിസ്ടർ ചെയ്യേണ്ടതാണ്. പ്രത്യേക ശ്രദ്ധയ്ക്ക്! ഈ ക്യാമ്പുകളിൽ വെച്ചാണ് വരാനിരിക്കുന്ന വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. അതിനാൽ എല്ലാ ഇടവകകളിൽ നിന്നും കുട്ടികളെ പങ്കെടുപ്പിക്കാൻ അച്ചന്മാരും ആനിമേറ്റർമാരും പരിശ്രമിക്കുമല്ലോ. ക്യാമ്പിന് പങ്കെടുക്കുന്ന എല്ലാ കുട്ടികളുടേയും യൂണിറ്റ് റജിസ്ട്രേഷൻ പൂർത്തിയായിരിക്കേണ്ടതാണ്.

**SFL, BCL, MCL Leagues 2026**

അൾത്താരസംഘം കുട്ടികൾക്കായി 2026 മെയ് 05, 06, 07 തിയ്യതികളിൽ ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫുട്ബോൾ ലീഗും (SFL), ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി 2026 മെയ് 12 ന് മരിയൻ ക്യാരംസ് ലീഗും (MCL), 14 ന് മരിയൻ ചെസ്സ് ലീഗും (MCL) സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകളും വ്യക്തികളും നല്കപ്പെടുന്ന ഗൂഗിൾ ഫോമിൽ വികാരിയച്ചന്റെ അറിവോടെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന ടീമുകൾക്കായിരിക്കും മത്സരിക്കുവാൻ മുൻഗണന ലഭിക്കുക. കൂടുതൽ വിവരങ്ങൾക്കായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസ് നമ്പറിൽ (9947582522) ബന്ധപ്പെടാവുന്നതാണ്.

**യൂണിറ്റ് രജിസ്ട്രേഷൻ 2026**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി. അൾത്താരസംഘം എന്നീ സംഘടനകളുടെ 2026–2027 വർഷത്തെ യൂണിറ്റ് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ച വിവരം എല്ലാ ഇടവകകളെയും അറിയിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അതിരൂപതാതലത്തിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ, മത്സരങ്ങൾ, ക്യാമ്പുകൾ എന്നിവയിൽ കുട്ടികൾക്ക് പങ്കെടുക്കണമെങ്കിൽ യൂണിറ്റ് രജിസ്ട്രേഷൻ അത്യന്താപേക്ഷിതമാണ്. യൂണിറ്റ് രജിസ്ട്രേഷൻ ഓരോ വർഷവും നിർബന്ധമായും പുതുക്കേണ്ട ഒന്നാണെന്ന കാര്യം ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ ഉൾപ്പെടെ എല്ലാ ഇടവകകളും 2026–2027 വർഷത്തെ യൂണിറ്റ് രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്. ഓരോ സംഘടന യുടെയും രജിസ്ട്രേഷനായി 100 രൂപ വീതം ചിൽഡ്രൻസ് മിനി സ്ട്രി ഓഫീസിൽ നേരിട്ട് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

അതിരൂപതയിലെ എല്ലാ ഇടവക വികാരിയച്ചന്മാരും ആനി മേറ്റേഴ്സും തങ്ങളുടെ ഇടവകയിലെ കുട്ടികളുടെ സംഘടനകൾ കൃത്യസമയത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാത്ത യൂണിറ്റുകൾക്ക് അതിരൂപതാതലത്തിലുള്ള ആനുകൂല്യങ്ങളോ ഔദ്യോഗിക സർട്ടിഫിക്കറ്റുകളോ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്കായ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി 9947582522 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**എയ്ഞ്ചലോസ് 2026**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2026 മെയ് 17 ന് അതിരൂപതാതലത്തിൽ, ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 5 മണി വരെ തൃശ്ശൂർ ലൂർദ് മെട്രോപൊളിറ്റൻ കത്തീഡ്രൽ വച്ച് സ്വീകരണം നൽകുന്നു. വി. കുർബാനയും അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം ഫോട്ടോകൾ എടുക്കുവുമാനുള്ള സൗകര്യവും ഉണ്ടായി രിക്കുന്നതാണ്. എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്തവും സഹകരണവും പ്രതീക്ഷിക്കുന്നു.

തിരുവചനം: 'അവിടുന്ന് ജനതകളുടെ മധ്യത്തിൽ വിധികർത്താവായിരിക്കും; ജനപദങ്ങളുടെ തർക്കങ്ങൾ അവസാ നിപ്പിക്കും. അവരുടെ വാൾ കൊഴുവും അവരുടെ കുന്തം

വാക്കത്തിയും ആയി അടിച്ചു രൂപപ്പെടുത്തും. രാജ്യം രാജ്യത്തിനെതിരേ വാളുയർത്തുകയില്ല. അവർ ഇനിമേൽ യുദ്ധപരിശീലനം നടത്തുകയില്ല'.(ഏശ 2 : 4)

സുകൃത ജപം : യേശുവേ ഞങ്ങളെല്ലാവരെയും സമാധാനത്തിന്റെയും ഐക്യത്തിന്റെയും ഉപകരണങ്ങളാക്കണമേ.

പ്രാർത്ഥന നിയോഗം: കർത്താവേ, ലോകനേതാക്കൾ ആണവായുധങ്ങൾ നിരാകരിച്ച് ഹിംസയും യുദ്ധവും ഒഴിവാക്കി സംവാദവും സമാധാനവും തിരഞ്ഞെടുക്കാൻ വേണ്ട ജ്ഞാനവും മനസും നൽകണമേ.

പരിചയപ്പെടുത്തുന്ന വിശുദ്ധൻ: ഇഗ്നേഷ്യസ് മലോയൻ: 1869 ൽ തുർക്കിയിലെ മാർഡിനിലാണ് മലോയൻ ജനിച്ചത്. ചെറുപ്പത്തിൽ തന്നെ ആത്മീയ കാര്യങ്ങളിൽ താല്പര്യം കാണിച്ചിരുന്ന അദ്ദേഹം തന്റെ പതിനാലാം വയസ്സിൽ സെമിനാരിയിൽ ചേർന്നു. 1896ൽ അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. സ്നേഹസമ്പന്നനായ ഒരു ഇടയനായും മികച്ച സംഘാടകനായും അദ്ദേഹം പെട്ടെന്നുതന്നെ ശ്രദ്ധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കഠിനാധ്വാനവും ദൈവഭക്തിയും പരിഗണിച്ച് 1911 ൽ മാർഡിനിലെ അർമേനിയൻ കത്തോലിക്കാ രൂപതയുടെ മെത്രാനായി അദ്ദേഹം അഭിഷിക്തനായി. 'ഇഗ്നേഷ്യസ്' എന്ന പേര് അദ്ദേഹം സ്വീകരിച്ചത് അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസിനോടുള്ള ആദരസൂചകമായാണ്. തന്റെ രൂപതയിലെ വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്കായി അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. ഒന്നാം ലോകമഹായുദ്ധകാലത്ത് ഓട്ടോമൻ സാമ്രാജ്യത്തിൽ അർമേനിയൻ ക്രൈസ്തവർക്കെതിരെ കടുത്ത പീഡനങ്ങൾ ആരംഭിച്ചു. 1915ൽ മലോയൻ പിതാവിനെ തുർക്കി സൈന്യം അറസ്റ്റ് ചെയ്തു. ഇസ്ലാം മതം സ്വീകരിക്കാൻ സൈന്യം അദ്ദേഹത്തിന് മേൽ കടുത്ത സമ്മർദ്ദം ചെലുത്തിയെങ്കിലും, 'എന്റെ ദൈവത്തെ തള്ളിപ്പറഞ്ഞ് ജീവിക്കുന്നതിനേക്കാൾ വിശ്വാസത്തിനുവേണ്ടി മരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഈ ഉറച്ച നിലപാട് അധികാരികളെ പ്രകോപിപ്പിച്ചു. അവർ അദ്ദേഹത്തെ ക്രൂരമായ പീഡനങ്ങൾക്ക് ഇരയാക്കി. തന്റെ നഖങ്ങൾ പിഴുതെടുക്കപ്പെട്ടപ്പോഴും, മർദ്ദനമേറ്റപ്പോഴും അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ക്രൂരമായ പീഡനങ്ങൾക്കൊടുവിൽ, 1915 ജൂൺ 11ന് അദ്ദേഹത്തെയും കൂടെയുണ്ടായിരുന്ന അഞ്ഞൂറോളം വിശ്വാസികളെയും സൈന്യം മരുഭൂമിയിലേക്ക് കൊണ്ടുപോയി വെടിവെച്ചു കൊന്നു. മരണത്തിന് തൊട്ടുമുമ്പ് അദ്ദേഹം എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് അന്ത്യകൂദാശകൾ

നൽകുകയും ചെയ്തു. ഇഗ്നേഷ്യസ് മലോയൻ്റെ ധീരമായ രക്തസാക്ഷിത്വത്തെ അംഗീകരിച്ചുകൊണ്ട് 2001 ഒക്ടോബർ 7ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തെ 'വാഴ്ത്തപ്പെട്ട വനായി പ്രഖ്യാപിച്ചു. 2025 ഒക്ടോബർ 19 ന് ലെയോ പതിനാലാമൻ മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

പ്രവർത്തനം : എല്ലാവരോടും സമാധാനത്തോടെയും സ്നേഹത്തോടെയും പെരുമാറാൻ ശ്രമിക്കാം; ഭിന്നത ഉണ്ടെങ്കിൽ ക്ഷമ തിരഞ്ഞെടുക്കാം.

**ഫാ. പോൾ മുട്ടത്ത്,** ഡയറക്ടർ

**സി. ജീജ** SSPC, കോർഡിനേറ്റർ

## കെ. എൽ. എം.

**1. തയ്യൽ തൊഴിലാളി ക്യാമ്പയിൻ**

തയ്യൽ തൊഴിലാളി ഫോറത്തിന്റെ (KTWF) നേതൃത്വത്തിൽ ക്ഷേമനിധി ക്യാമ്പ് നടത്തുകയുണ്ടായി. തയ്യൽ തൊഴിലാളി ഫോറം കൺവീനർ ലിസി ബാബു അദ്ധ്യക്ഷത വഹിച്ചു. ക്ഷേമനിധി ജില്ലാ എക്സി. ഓഫീസർ ക്ളാസ് നയിച്ചു. തുടർന്ന് നടന്ന ക്യാമ്പ് പ്രോഗ്രാമിൽ വെച്ച് ക്ഷേമനിധിയിൽ പുതിയ അംഗങ്ങളെ ചേർക്കൽ, ക്ഷേമനിധി അംഗത്വം പുതുക്കൽ, നഷ്ടപ്പെട്ട അംഗത്വം പുനസ്ഥാപിക്കൽ എന്നിവയും നടത്തുകയുണ്ടായി.

**2. നിർമ്മാണ തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തു.**

അസംഘടിത തൊഴിലാളികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ എംപവർ ക്രാഫ്റ്റ് പ്രൊജക്റ്റിന്റെ 'ഭാഗമായി സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയനിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് തൊഴിലുപകരണങ്ങളായ പെയിൻറിംഗ് കംപ്രസ്സർ & ഗൺ, മാർബിൾകട്ടർ, ആംഗിൾ ഗ്രൈൻഡർ, മെയ്സൻ കിറ്റ് തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്തു. വിതരണോദ്ഘാടനം തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജോസ് കോനിക്കര നിർവ്വഹിച്ചു. കെ.എൽ. എം തൃശ്ശൂർ അതിരൂപത ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് ആമുഖ പ്രഭാഷണം നടത്തി. കെ.എൽ.എം അതിരൂപത പ്രസിഡന്റ് മോളി

ജോബി അദ്ധ്യക്ഷത വഹിച്ചു. ജന.സെക്രട്ടറി ബേബി വാഴക്കാല, ട്രഷറർ ഫ്രൻജി ആന്റണി, SNTU കൺവീനർ ആന്റോ പോൾ, ജില്ല പ്രസിഡന്റ് ഇ'ഇ'ജോസ്, വൈ. പ്രസിഡന്റുമാരായ റോബസ്സ് പറപ്പുള്ളി, ബേബി ഡേവിസ് എന്നിവർ പ്രസംഗിച്ചു.

**ഫാ. പോൾ മാളിയമ്മാവ്**
ഡയറക്ടർ

# ജീസസ്സ് യൂത്ത്

**INTERCESSION INCHARGES GATHERING**

Intercession ministry യുടെ നേതൃത്വത്തിൽ തൃശ്ശൂർ സോണിലുള്ള എല്ലാ മിനിസ്ട്രികളുടെയും ടീമുകളുടെയും സബ്സോണുകളുടെയും intercession incharges ന്റെ ഗാതറിങ് 'റൂഹാ' എന്ന പേരിൽ മാർച്ച് 8-ാം തീയതി തൃശ്ശൂർ സെന്റ് അഗസ്റ്റിൻ കോൺവെന്റ്, കൊക്കാലയിൽ വച്ച് 11 മണി മുതൽ 4 മണി വരെ നടന്നു. ഗ്യാതറിങ്ങിൽ തങ്ങളുടെ മേഖലയിൽ എങ്ങനെ ഈശോയോടൊപ്പം സഞ്ചരിക്കാമെന്നും ആയിരിക്കുന്ന മിനിസ്ട്രികളിലും ടീമുകളിലും സബ്സോണുകളിലും എങ്ങനെ ഇനിയുള്ള വർഷം ഈശോയെ പകർന്നു കൊടുക്കാമെന്ന് സോണിന്റെ മുൻ കോർഡിനേറ്റർ (2019-21) വിനീഷ് സെഷന് നേതൃത്വം നൽകി. ജപമാലയും, ആരാധനയും, കൂടാതെ വി.മാർക്കോസ് 10: 46-52 വരെയുള്ള വാക്യങ്ങൾ ധ്യാനിക്കുകയും, അതിനോട് അനുബന്ധിച്ച് ആക്ടിവിറ്റിയും നടത്തിയിരുന്നത് എവരുടെയും ശ്രദ്ധയെ ആകർഷിച്ചിരുന്നു. ഇരുപതോളം പേർ ഈ ഗ്യാതറിങ്ങിൽ പങ്കെടുത്തു.

**CCC( Christ Centered Couples), Young Couples ഗാതീറിങ്**

2026 മാർച്ച് 8-ന് വൈകീട്ട് 3 മണി മുതൽ 8 മണി വരെ കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ വച്ചു, തൃശ്ശൂർ ഫാമിലി സ്ട്രീമിന്റെ നേതൃത്വത്തിൽ Young Couples Gathering നടന്നു. ഏഴ് വർഷത്തിനുള്ളിൽ വിവാഹം കഴിഞ്ഞ ദമ്പതികൾക്ക് വേണ്ടിയാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചത്. ദാമ്പത്യജീവിതം സ്നേഹത്തിലും ഐക്യത്തിലും എങ്ങനെ ജീവിക്കാം എന്ന വിഷയത്തെ കുറിച്ച്

ക്ലാസ്സ് നയിച്ചത് ബഹുമാനപ്പെട്ട ഫാ.അഗസ്റ്റിൻ കല്ലേലി അച്ച നാണ്. കൂടാതെ പാനൽ ഷെയറിങ് സെബിൻ & അലീന, ഫെറീഷ് & ജിനു, രാജു പോൾ & സോണി എന്നിവർ ഭാഗമായി . തൃശ്ശൂർ ജീസസ് യൂത്ത് ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ ആരാധന നയിച്ചു. 8 മണിയോടെ പ്രോഗ്രാം അവസാനിച്ചു.

**സോണൽ ഇവാലുവേഷൻ മീറ്റിംഗ് 2026**

2026 ഫെബ്രുവരി 20 മുതൽ 22 വരെ ഗാഗുൽത്താ ധ്യാന കേന്ദ്രത്തിൽ നടന്ന സോണൽ ഇവാലുവേഷൻ മീറ്റിംഗ് ആത്മീയവും സംഘടനാപരവുമായ ലക്ഷ്യങ്ങൾ മുൻനിർത്തി ഫെബ്രുവരി 20-ന് വൈകുന്നേരം 7:00 മണിക്ക് ആരംഭിച്ചു. ആദ്യത്തെ രണ്ട് ദിവസങ്ങൾ ആത്മീയ നവീകരണത്തിനായുള്ള റിട്രീറ്റ് നടത്തി. തുടർന്ന് മൂന്നാം ദിവസം സബ്സോൺ മിനിസ്ട്രി ടീമുകളുടെ പ്രവർത്തനങ്ങളുടെ വിശദമായ വിലയിരുത്തൽ (Evaluation) നടന്നു. പ്രയർ ഗ്രൂപ്പ് ഇയർ 2026 ന്റെ ലോഗോ പ്രകാശനം നടത്തി എല്ലാ സബ്സോൺ മിനിസ്ട്രി ടീമിൽ നിന്നും 150 പ്രതിനിധികൾ പങ്കെടുത്തു.ബഹുമാന പ്പെട്ട ജീസസ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ, അസി. ഡയറക്ടർ ഫാ. ബിജോയ് പൊൻപറമ്പിൽ, സിസ്റ്റർ ജ്യോതിസ് മരിയ എന്നിവരുടെ സാന്നിധ്യവും മാർഗ്ഗനിർദ്ദേശങ്ങളും കൂടുതൽ കരുത്തേകി. സജി പന്നിയാർകുട്ടി,ബേബി ജോൺ കലയൻന്താണി, സിന്റോ കാട, സോണൽ എൽഡേഴ്സ് രാജു പോൾ & മെജോ ജോസ്, ജനറൽ കോർഡിനേറ്റർ സിന്റോ, സോണൽ അസി.കോർഡിനേറ്റർ ജോൺ ജോഷി എന്നിവരും മറ്റ് കൗൺസിൽ അംഗങ്ങളും, ജനറൽ ടീം അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നൽകി. ഫെബ്രുവരി 22-ന് വൈകുന്നേരം 4:30 ന് സോണൽ ഇവാലുവേഷൻ മീറ്റിങ് സമാപിച്ചു.

**ഫാ. ബാസ്റ്റ്യൻ പുന്നോലി പറമ്പിൽ** ഡറക്ടർ
**ഫാ. ബിജോയ് പൊൻപറമ്പിൽ** അസി. ഡയറക്ടർ
**ആൽവിൻ ഡേവിഡ്** കോർഡിനേറ്റർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**ജനുവരി 18 തിരുസന്നിധി**

രാവിലെ 9.30 മുതൽ 12 വരെ ആബാ നടന്നു ധ്യാനകേന്ദ്രത്തിൽ നടന്നു. കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ ആരാധന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**എൽ എസ് എസ് 4-ാം ബാച്ച് ആരംഭിച്ചു**

ജനുവരി 27-ാം തീയതി ചൊവ്വാഴ്ച എൽ എസ് എസ് നാലാം ബാച്ച് ആബാ ധ്യാനകേന്ദ്രത്തിൽ ആരംഭിച്ചു റവ. ഫാ. റോയ് വേളകൊമ്പിൽ ആമുഖ സന്ദേശം നൽകി. കോ-ഓർഡിനേറ്റർ ഷാജു, എൽ. എസ് .എസ് . മോണിറ്ററിംഗ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

**ഫെബ്രുവരി 2**

പാരിഷ് മിനിസ്ട്രി ഏകദിനം നടന്നു.

**മധ്യസ്ഥ പ്രാർത്ഥന ഏകദിനം**

ഫെബ്രുവരി 9 തിങ്കളാഴ്ച മധ്യസ്ഥ പ്രാർത്ഥന ഏകദിന കൂട്ടായ്മ ആബാ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു

**കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ രാത്രി ആരാധന.**

ഫെബ്രുവരി 6 വെള്ളിയാഴ്ച രാത്രി 8 മുതൽ ഒരു മണി വരെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു.

**വചന ഗ്രന്ഥ സന്ദേശ യാത്ര**

കരിസ്മാറ്റിക് സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് KCSC നടത്തുന്ന വചനഗ്രന്ഥ സന്ദേശ യാത്രയ്ക്ക് തൃശൂർ അതിരൂപത അതിർത്തിയായ പുതുക്കാട് ഫൊറോന ദേവാലയത്തിൽ ഫെബ്രുവരി 18ന് രാവിലെ 9 മണിക്ക് സ്വീകരണം നൽകി. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ, KCSC കോ-ഓർഡിനേറ്റർ റവ. ഫാ. ജോൺസൺ തൗണ്ടിയിൽനിന്നും വചന ഗ്രന്ഥം ഏറ്റുവാങ്ങി ഫൊറോന വികാരിക്ക് കൈമാറി. തുടർന്ന് വികാരി വചന ഗ്രന്ഥം ആഘോഷപൂർവ്വം ദേവാലയത്തിൽ സ്ഥാപിച്ചു. തുടർന്ന് നടന്ന ശുശ്രൂഷയിൽ ഫൊറോന വികാരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളകൊമ്പിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. KCSC കോ-ഓർഡിനേറ്റർ റവ. ഫാ. ജോൺസൺ തൗണ്ടിയിൽ

സന്ദേശയാത്രയുടെ ലക്ഷ്യം ആമുഖമായി സംസാരിച്ചു. അതിരൂപത കരിസ്മാറ്റിക് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സിന്റോ പൊന്തേക്കൻ, ഇടവക അസിസ്റ്റന്റ് വികാരി എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് KCSC അംഗം റവ. ഫാ. ജോ പാച്ചേരി നേതൃത്വം നൽകി. വചന ഗ്രന്ഥ വന്ദനവും നടന്നു. തുടർന്ന് ഏവുപ്രാസ്യമ്മ തീർത്ഥകേന്ദ്രത്തിൽ ഒല്ലൂർ സബ് സോണിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. തീർത്ഥകേന്ദ്രം റെക്ടർ ജോയ് അച്ചൻ KCSC കോ-ഓർഡിനേറ്റർ ജോൺസൺ തൗണ്ടിയിൽനിന്നു വചന ഗ്രന്ഥം ഏറ്റുവാങ്ങി തീർത്ഥകേന്ദ്രത്തിൽ സ്ഥാപിച്ചു. തുടർന്ന് നടന്ന ശുശ്രൂഷയിൽ ജോയ് അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് KCSC  കോ-ഓർഡിനേറ്റർ ജോൺസൺ അച്ചൻ നേതൃത്വം നൽകി. വചന വന്ദനവും ഉണ്ടായിരുന്നു. ലഘു ഭക്ഷണത്തിനുശേഷം അടുത്ത സ്വീകരണ സ്ഥലമായ ബസിലിക്ക തീർത്ഥകേന്ദ്രത്തിലേക്ക് യാത്ര പുറപ്പെട്ടു. 12 മണിക്ക് തീർത്ഥകേന്ദ്രം റെക്ടർ റവ. ഫാ. തോമസ് കാക്കശ്ശേരി KCSC കോ-ഓർഡിനേറ്ററുടെ കയ്യിൽനിന്നും വചന ഗ്രന്ഥം ഏറ്റുവാങ്ങി ദേവാലയത്തിൽ സ്ഥാപിച്ചു. KCSC കോ-ഓർഡിനേറ്റർ ജോൺസൺ അച്ചന്റെ ജന്മദിനത്തിന്റെ ഭാഗമായി തോമസ് അച്ചൻ നൽകി തുടർന്ന് ബസിലിക്ക കൊട്ടേക്കാട്, ലൂർദ്ദ്, പട്ടിക്കാട്, കണ്ടശാംകടവ് എന്നീ സബ് കോ-ഓർഡിനേറ്റർമാർ പൂച്ചെണ്ടു നൽകി അച്ചനെ ആദരിച്ചു. തുടർന്ന് നടന്ന ശുശ്രൂഷകൾക്ക് KCSC കോ-ഓർഡിനേറ്റർ ജോൺസൺ അച്ചൻ നേതൃത്വം നൽകി. ദിവ്യകാരുണ്യ ആശിർവാദവും വചന വന്ദനവും ഉണ്ടായിരുന്നു. മൂന്നുമണിക്ക് മറ്റം സെന്റ് തോമസ് ഫൊറോന  ദേവാലയത്തിൽ മറ്റം, പാലയൂർ, പറപ്പൂർ എന്നീ സബ് സോണുകളുടെ നേതൃത്വത്തിൽ വചന സന്ദേശയാത്രയ്ക്ക്  സ്വീകരണം നൽകി. ഫൊറോനാ വികാരി റവ. ഫാ. ഫ്രാൻസിസ് ആളൂർ, അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ എന്നിവർ ശുശ്രൂഷകളിൽ പങ്കാളികളായി. KCSC കോ-ഓർഡിനേറ്റർ ജോൺസൺ അച്ചൻ ദിവ്യകാരുണ്യ ആരാധനയും വചന സന്ദേശവും നൽകി. തുടർന്ന് വചന വന്ദനവും ഉണ്ടായിരുന്നു.

വൈകിട്ട് 5.30ന് വേലൂർ, വടക്കാഞ്ചേരി, ചേലക്കര, എരുമപ്പെട്ടി എന്നീ സബ് സോണുകളുടെ നേതൃത്വത്തിൽ വേലൂർ ഫൊറോന ദേവാലയത്തിൽ വചന സന്ദേശയാത്രയ്ക്ക് സ്വീകരണം നൽകി. ഫൊറോന വികാരി വചന ഗ്രന്ഥം ഏറ്റുവാങ്ങി ദേവാലയത്തിൽ സ്ഥാപിച്ചു. തുടർന്ന് ഫൊറോന വികാരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്നുനടന്ന ശുശ്രൂഷകൾക്ക് KCSC കോ-ഓർഡിനേ

റ്റർ ജോൺസൺ അച്ചൻ നേതൃത്വം നൽകി. വൈകിട്ട് എട്ടുമണിക്ക് ആബാ ധ്യാനകേന്ദ്രത്തിൽ വചന സന്ദേശയാത്രയ്ക്ക് അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ സിന്റോ പൊന്തേക്കൻ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. തുടർന്ന് രാവിലെ 5 മണി വരെ രാത്രി ആരാധന നടന്നു. 5 മണിക്ക് വിശുദ്ധ ബലിക്ക് ശേഷം പാലക്കാട് സോണിന് വചന ഗ്രന്ഥം കൈമാറി. അതിരൂപത കരിസ്മാറ്റിക് കോ-ഓർഡിനേറ്റർ ഷാജു, സെക്രട്ടറി റോയ്, ട്രഷറർ വിൻസന്റ് എന്നിവർ ശുശ്രൂഷകൾ ക്രമീകരിച്ചു.

കരിസ്മാറ്റിക് സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് ജെറുസലേം ധ്യാനകേന്ദ്രം വഴിയായി നടത്തപ്പെടുന്ന കാരുണ്യഹസ്തം എന്ന പരിപാടിക്ക് അതിരൂപത കരിസ്മാറ്റിക് കൂട്ടായ്മ പങ്കാളികളായി.

എൽ എസ് എസ് നാലാം ബാച്ച് വളരെ പൂർത്തീകരിച്ചു. ഏകദേശം 60 ഓളം പേർ ഈ നാലാം ബാച്ചിൽ ഉണ്ടായിരുന്നു.

വൈദികർക്ക് വേണ്ടിയുള്ള പ്രാർത്ഥന കേന്ദ്രത്തിൽ തുടർന്നുവരുന്നു.

ഏപ്രിൽ 18ന് അതിരൂപത ധ്യാനകേന്ദ്രമായ ആബായിൽ ന ടത്തപ്പെടുന്ന കരിസ്മാറ്റിക് ജൂബിലി സംഗമത്തിന്റെ കമ്മിറ്റികൾ രൂപപ്പെടുത്തി.

**ഫാ. റോയ് വേളക്കൊമ്പിൽ,** ഡയറക്ടർ
**ഫാ. സിന്റോ പൊന്തേക്കൻ**, അസി. ഡയറക്ടർ

## കലാസദൻ

**'എന്റെ പിഴ' നാടകം**

പ്രൊഫഷണൽ നാടകരംഗത്ത് വിസ്മയമായി മാറിയ കലാസദ നൊരുക്കിയ 'എന്റെ പിഴ' നാടകം 20 26 - 2027 സീസണിലും അരങ്ങത്തെത്തുന്നു ബുക്കിങ്ങിന് : 9497179780, 8281848282

**ചെമ്മനം ചാക്കോ അനുസ്മരണം**

ചെമ്മനം ചാക്കോയുടെ ജന്മശതാബ്ദിയോട് അനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി സ്മൃതി മണ്ഡപത്തിൽ മാർച്ച് ഏഴിന് അനുസ്മരണയോഗം നടത്തുകയുണ്ടായി. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡൻറ് അശോകൻ ചെരുവിൽ യോഗം ഉദ്ഘാടനം ചെയ്തു. പ്രൊഫസർ വി. ജി തമ്പി, ബാബു ജെ കവലക്കാട്ട് , അലക്സാണ്ടർ സാം , കെ. ജെ. ജോണി, ഇ ഡി ഡേവിസ്, ജോയ് ചിറമ്മൽ, പ്രൊഫ വി.പി. ജോൺസ്, പ്രൊഫ ഇഗ്നേഷ്യസ് ആന്റണി, ജോൺസൺ കാഞ്ഞിരത്തിങ്കൽ, പോൾ ചിറക്കേക്കാരൻ, ബേബി മൂക്കൻ എന്നിവർ പ്രസംഗിച്ചു

കലാസദൻ സാഹിത്യ വേദി കൺവീനർ ഫ്രാങ്കോ ലൂയിസ്, ജോയിൻറ് കൺവീനർ സിൽവി ജോർജ് എന്നിവർ നേതൃത്വം നൽകി

**സമ്മർ ക്യാമ്പ്**

കലാസദന്റെ നേതൃത്വത്തിൽ വയലിൻ, കീബോർഡ്, ഗിത്താർ എന്നിവയിൽ കുട്ടികൾക്കായി സമ്മർ ക്ലാസ് ആരംഭിക്കുന്നു

കാത്തലിക് പാസ്റ്ററൽ സെന്ററിൽ ആയിരിക്കും പരിശീലനം

രജിസ്ട്രേഷന് : 9495817777

**വേദിക 2026**

നൃത്ത വിദ്യാർത്ഥികൾക്കായി അരങ്ങേറ്റത്തിന് കലാസദൻ വേദിയൊരുക്കുന്നു. ശാസ്ത്രീയ നൃത്തം പഠിച്ച കുട്ടികൾക്ക് അരങ്ങേറ്റം നടത്താവുന്നതാണ്. പള്ളികൾക്കോ നൃത്ത വിദ്യാലയങ്ങൾക്കോ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 9633 93 2887

**ബാബു. ജെ കവലക്കാട്ട്**, പ്രസിഡണ്ട്
**ഫാ ജിയോ തെക്കിനിയത്ത്**, സെക്രട്ടറി

## ആദരാഞ്ജലികൾ



## ഫാ. ഫ്രാൻസിസ് ജോയ് എടക്കളത്തൂർ

| | |
|---|---|
| ജനനം | : 10.09.1941 |
| പൗരോഹിത്യം | : 20.12.1968 |
| മരണം | : 24.02.2026 |

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.03.2026
**April - 2026**







**29-ാം പാലയൂർ മഹാതീർത്ഥാടനം**
**2026 മാർച്ച് 22**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor